2022 നവംബർ - ഡിസംബർ

# ക്രിസ്തീയ സോദരി



## അഗ്നിശോധനയിലെ ആശ്വാസ ദായകൻ

SPECIAL STORY

## പുൽത്തൊട്ടിയിലെ രാജകുമാരൻ

- ബഹുമിടുക്കി
- ഒന്നാകുക
- Fruitful in the affliction




കവർ ചിത്രം:
ജോയ് ജോൺ കെ, ജിജി

# ക്രിസ്തീയ സോദരി

**ദ്വൈമാസിക**

നവംബർ - ഡിസംബർ

2022

എഡിറ്റർ:
ലൗലി ജോർജ്

അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ,
ഷൈനി അഭിലാഷ്,
ജിൻസി ജിമ്മി

ഉപദേശക സമിതി:
ഫേബ ജേക്കബ്,
മറിയാമ്മ അലക്സാണ്ടർ

സാങ്കേതിക സഹായം:
കിന്നെരെത്ത് മീഡിയ

## ഉൾത്താളുകളിൽ



18 പുൽത്തൊട്ടിയിലെ രാജകുമാരൻ



07 ബഹറീമിലെ ബഹു മിടുക്കി




05 പെരുമാറ്റം ചിട്ടയോടെ

| | |
|---|---|
| കേരളം എങ്ങോട്ട്? | 03 |
| അഗ്നിശോധനയിലെ ആശ്വാസദായകൻ | 09 |
| യുദ്ധക്കളത്തിലെ വിജയപോരാളികൾ | 16 |
| ക്രിസ്തുവിൽ ഒന്നാകുക | 21 |
| വിശ്വസ്തരായ സ്ത്രീരത്നങ്ങൾ | 24 |
| क्या यहोवा का हाथ छोटा हो गया है? | 28 |
| ഗുരുഭാഷ്യം | 30 |



26 Fruitful in the affliction

Scan this QR code to download & share the e-version or visit: **www.sodari.in**




# കേരളം എങ്ങോട്ട്?

കേരളസംസ്ഥാനം നിലവിൽ വന്നിട്ട് 66 വർഷങ്ങൾ പിന്നിടുന്നു. ഇന്ത്യ സ്വതന്ത്രമായതിനു ശേഷം ഐക്യകേരളത്തിനായുള്ള പ്രക്ഷോഭപരിപാടികൾ നടക്കുകയുണ്ടായി. തത്ഫലമായി 1956 - ലെ സംസ്ഥാന പുനഃസംഘടന നിയമപ്രകാരം, ഭാഷയുടെ അടിസ്ഥാനത്തിൽ നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായി. വിവിധ സംസ്ഥാനങ്ങൾ രൂപീകൃതമാകുമ്പോൾ ഇന്ത്യയിൽ 14 സംസ്ഥാനങ്ങൾ മാത്രമാണുണ്ടായിരുന്നത്, അതിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം. 1957 ഫെബ്രുവരി 28-ന് കേരളസംസ്ഥാനത്തിന്റെ ആദ്യ പൊതുതിരഞ്ഞെടുപ്പ് നടന്നു. ആ തിരഞ്ഞെടുപ്പിലൂടെ ഇ.എം. എസ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായുള്ള സർക്കാർ അധികാരത്തിൽ വന്നു. കോവിഡ് മഹാമാരി കഴിഞ്ഞ് ജനജീവിതം സാധാരണനിലയിലേക്ക് നീങ്ങുന്ന സമയത്താണ് വീണ്ടും ഒരു കേരളപ്പിറവി ദിനം കൂടി വന്നെത്തിയത്.



LISTEN

ലൗലി ജോർജ്

കേരളം ഒരു സംസ്ഥാനം ആയതിനു ശേഷം ധാരാളം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. മികച്ച വിദ്യാഭ്യാസം, സാക്ഷരത, ആരോഗ്യമേഖലയിലെ അഭൂതപൂർവ്വമായ മുന്നേറ്റം, കാർഷിക രംഗത്തെ കുതിച്ചു കയറ്റം, ശാസ്ത്രീയാവബോധം, രാഷ്ട്രീയ - സാംസ്കാരിക സമ്പന്നത തുടങ്ങി എല്ലാ മേഖലകളിലും ധാരാളം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ആധുനിക കേരളം പടുത്തുയർന്നതിന്റെ പിന്നിൽ യത്നിച്ചവർ അനവധിയാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും ആതുരശുശ്രൂഷാ രംഗങ്ങളിലൂടെയും കേരളത്തിന്റെ ഉയർച്ചക്കു വേണ്ടി പ്രവർത്തിച്ച ക്രൈസ്തവ മിഷനറിമാരുടെ പങ്ക് നിസ്തർക്കമാണ്.

▷ 5

പ്രകൃതി സൗന്ദര്യത്തിൽ ഏറ്റവും മുൻപന്തിയിലാണ് കേരളം എത്തിനിൽക്കുന്നത്. കാടും പുഴകളും നദികളും മലയോരവും തീരപ്രദേശങ്ങളും ചേർന്ന് വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയാൽ സമ്പന്നമായ ഇവിടം ദൈവത്തിന്റെ സ്വന്തം നാടെന്ന പേരിലാണ് അറിയപ്പെടുന്നത്.

പക്ഷേ ഈ അടുത്ത സമയത്തായി കേരളത്തിൽ നടക്കുന്ന മിക്ക സംഭവങ്ങളും മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകങ്ങളും മകളുടെ കൺമുന്നിൽ ഒരു പിതാവിന് ക്രൂരമർദ്ദനമേൽക്കേണ്ടി വന്നതും ഐശ്വര്യലബ്ധിക്കു വേണ്ടി രണ്ടു സ്ത്രീകളെ നിഷ്ഠൂരമായി കൊല ചെയ്തതും പ്രണയപകയുടെ പേരിൽ സുഹൃത്തിനെ നിഷ്ഠുരണം കൊന്നു കളഞ്ഞതും കുട്ടികളും യുവതി യുവാക്കളും ലഹരിക്കു അടിമകളാകുന്നതും മറ്റും മനുഷ്യമനസാക്ഷിക്കു നിരക്കാത്തതാണ്. നമ്മുടെ കേരളത്തിന് എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഓരോ ദിവസവും ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ് വാർത്താമാദ്ധ്യമങ്ങളിലൂടെ നാം അറിയുന്നത്. നന്മകളാൽ സമൃദ്ധമായ ഒരു കേരളത്തിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**ഈ ലക്കം ക്രിസ്തീയ സോദരിയുടെ ഓഡിയോ വേർഷൻ കേൾക്കുന്നതിന് ചിത്രത്തിൽ ക്ലിക്ക് ചെയ്യുക.**







**ക്രിസ്തീയ സോദരിയുടെ പ്രോഗ്രാമുകൾ, ഗാനങ്ങൾ, സന്ദേശങ്ങൾ എന്നിവക്കായി സബ്സ്ക്രൈബ് ചെയ്യുക.**

# പെരുമാറ്റം ചിട്ടയോടെ

നല്ല മനസ്സും നല്ല ചിന്തയും നല്ല പെരുമാറ്റവുമാണ് ഒരു വ്യക്തിയുടെ യോഗ്യത.




ജിവിതത്തെ നിഷേധാത്മകമായി സമിപിക്കുന്നവർ തന്നെത്തന്നെയും മറ്റുള്ളവരെയും നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ക്രിയാത്മകമായി സാമിപിക്കുന്നവർ തന്നെത്തന്നെയും മറ്റുള്ളവരെയും ഉദ്ധരിക്കുന്നു. അപ്രതീക്ഷിതമായി പല സംഭവങ്ങളും നമ്മുടെ ജിവിതത്തിലുണ്ടാകാം. അവയെ ക്രിയാത്മകമായ മനോഭാവത്തോടുകൂടി സ്വികരിക്കുവാൻ നമുക്ക് കഴിഞ്ഞാൽ മാത്രമേ ജീവിതം സൗഭാഗ്യകരമാക്കാൻ കഴിയൂ.....



ഡോ. ഗ്രെയ്സ് ജോൺസൺ.

മറ്റുള്ളവരോടുള്ള പെരുമാറ്റം ഒരു നല്ല ആശയവിനിമയമാണ്. വ്യക്തിത്വ വികസനം, കുടുംബ ജീവിതത്തിലെ സംതൃപ്തി, സാമൂഹിക ഇടപെടലുകളിലെ പ്രതിഫലനം, പഠന മികവ്, സാമ്പത്തിക രംഗങ്ങളിലെ പുരോഗതി ഇവയെല്ലാം മികച്ച പെരുമാറ്റ രീതിയെ ആശ്രയിച്ചാണിരിക്കുന്നത്. ചിന്തകൾ, വികാരങ്ങൾ, ആഗ്രഹങ്ങൾ, ആവശ്യങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവ പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന ആശയവിനിമയത്തിന്റെ ഒരു രൂപമാണ് പെരുമാറ്റം. മറ്റുള്ളവരെ അംഗീകരിക്കുക എന്നത് വലിയ പ്രയാസമാ



ബാല്യത്തിൽ തന്നെ പകർന്നു നൽകേണ്ട ശീലമാണ് സഹജീവികളോടുള്ള അനുകമ്പയും നല്ല പെരുമാറ്റവും

യി കാണുന്നവരാണ് നമെല്ലാവരും എന്നാൽ ശരിയായ വ്യക്തിത്വമെന്നത് മറ്റുള്ളവരോട് ദയയോടെ പെരുമാറാനുള്ള ശീലം ചെറുപ്പം മുതലേ വളർത്തിയടുക്കണം.


പെരുമാറ്റം ഒരു മഹത്തായ കലയാണ്. ബന്ധങ്ങളുടെ ഉയർച്ച തീരുമാനിക്കുന്നതിലും മാറ്റ് കൂട്ടുന്നതിലും വളരെ പ്രധാനപ്പെട്ടതാണ് നല്ല പെരുമാറ്റം. നമ്മുടെ പെരുമാറ്റത്തെ ഏറ്റവും നല്ല ഗുണങ്ങളിൽ ഒന്നാക്കുന്നത് നമ്മുടെ സംസാരം തന്നെയാണ്. നമ്മൾ എങ്ങനെയാണോ മറ്റുള്ളവരോട് പെരുമാറുന്നത് അതുപോലെ തന്നെയാകും നമ്മുടെ മക്കൾ വലുതാകുമ്പോൾ മറ്റുള്ളവരോട് പെരുമാറുന്നതും. ബാല്യത്തിൽ തന്നെ പകർന്നു നൽകേണ്ട ശീലമാണ് സഹജീവികളോടുള്ള അനുകമ്പയും നല്ല പെരുമാറ്റവും. വെറുപ്പും വിദ്വേഷവുമാണ് പലരെയും മോശമായി പെരുമാറാൻ പ്രേരിപ്പിക്കുന്നത്.

പെരുമാറ്റത്തിന്, വിനയം വളരെ പ്രധാനമാണ്. വിനയമുണ്ടെങ്കിൽ മാത്രമേ മറ്റുള്ളവരോട് നന്നായി പെരുമാറാനും കൂടുതൽ കാര്യങ്ങൾ പഠിച്ചെടുക്കാനും കഴിയൂ. തെറ്റ് പറ്റിയാൽ അത് തുറന്നു സമ്മതിക്കണം. ചുറ്റുപാടുകളിൽ നിന്ന് പുതിയ പാഠങ്ങൾ പഠിക്കാൻ ഒരിക്കലും വിസമ്മതം കാണിക്കരുത്. മറ്റുള്ളവരുമായി നന്നായി പെരുമാറാൻ അറിയുന്നവർക്ക് മറ്റ് ഏതെങ്കിലും കുറവുണ്ടെങ്കിലും അതോരു കുറവായി തോന്നുകയില്ല. നന്നായി പെരുമാറാൻ അറിയില്ലെങ്കിൽ മറ്റ് എന്തെല്ലാം ഉണ്ടായിട്ടും കാര്യമില്ല.

ഒരു വ്യക്തിയുടെ യോഗ്യത എന്ന് പറയുന്നത് ബിരുദാനന്തര ബിരുദങ്ങളോ, കോടികളുടെ ആസ്തിയോ..ആരെയും മയക്കുന്ന സൗന്ദര്യമോ.. .. അല്ല... മറിച്ച് ആ വ്യക്തിയുടെ നല്ല മനസ്സും നല്ല ചിന്തയും നല്ല പെരുമാറ്റവുമാണ്..

നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ സന്തോഷവും സമാധാനവും കണ്ടെത്തുക. നമ്മുടെ പെരുമാറ്റവും സംസാരവും മറ്റുള്ളവരെ വേദനിപ്പിക്കാത്തതാണെങ്കിൽ ഏതൊരു അവസ്ഥയിലും സന്തോഷം കണ്ടെത്താനും ഇന്നലെകളെക്കിറിച്ചുള്ള ചിന്തകളും നാളെകളെക്കുറിച്ചുള്ള ആകുലതകളും നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കാതെ പ്രതീക്ഷകൾക്കും അപ്പുറമുള്ള നല്ല ജീവിതം നമുക്കു സ്വായത്തമാക്കുവാൻ സാധിക്കും..

മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറുന്നു എന്നല്ല നാം മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നുള്ളത് ഓരോ ദിവസവും സ്വയം ശോധന ചെയ്യുന്നത് നല്ലതായിരിക്കും. നമ്മുടെ പെരുമാറ്റം നമുക്ക് ചുറ്റുമുള്ളവർക്ക് ഒരു ആശ്വാസമായിത്തീരണം.





**കഥയിലെ കാര്യം**

# ബഹുരീമിലെ ബഹുമിടുക്കി

"യഹോവാ ഭക്തന് ദൃഢ ധൈര്യം ഉണ്ട്"

"എന്താ വിഷമിച്ചിരിക്കുന്നത്"

"..... ഞാൻ നമ്മുടെ രാജാവിനെക്കുറിച്ച് ഓർത്തു പോയതാ"

"ങും... ശരിയാ അദ്ദേഹത്തെപ്പോലെ ഒരു നല്ല മനുഷ്യന് ഇങ്ങനെയൊക്കെ സംഭവിച്ചല്ലോ"

"അതേയതേ... രാജാവിന് നമ്മെളെക്കൊണ്ട് ഒരു സഹായവും ചെയ്യാനും കഴിയുന്നില്ലല്ലോ എന്നോർത്താ എന്റെ വിഷമം"

"വിഷമിക്കേണ്ട അച്ചായാ ദൈവം നമ്മുടെ രാജാവിന് സഹായം ഉണ്ട് . അവൻ വഴി തുറക്കും"



ടൈനി
പ്രിൻസ്

അപ്പോഴാണ്, ആരോ വാതിലിൽ മുട്ടുന്നത് കേട്ടത്. കതക് തുറന്നപ്പോ രണ്ടു യുവാക്കൾ. ആരാ ? എന്ന് ചോദിക്കുന്നതിനു മുമ്പെ അവർ കിതച്ചും കൊണ്ട് പറഞ്ഞു, "ഞങ്ങളെ ഒന്നു സഹായിക്കണം. ശത്രുക്കൾ ഞങ്ങളുടെ പിറകേയുണ്ട്. ഞങ്ങൾ രാജാവിന് ഒരു അടിയന്തിര സന്ദേശം കൊടുക്കുവാൻ പോവുകയാണ്. അവർ ഞങ്ങളെ പിടിച്ചാൽ ഞങ്ങളെയും രാജാവിനെയും കൊല്ലും. എങ്ങനെയെങ്കിലും ഞങ്ങളെ രക്ഷിക്കണം."

ചെറുപ്പക്കാരുടെ ധൃതിയും കിതപ്പും ഭയപ്പാടും ഒക്കെ കണ്ട വീട്ടുകാരും അന്ധാളിച്ചു.

"ഞങ്ങൾ ഒന്നു ആലോചിക്കട്ടെ" വീട്ടുകാരൻ പറഞ്ഞു.

വീട്ടുകാരി തന്റെ ഭർത്താവിനെ മാറ്റി നിർത്തിക്കൊണ്ട് പറഞ്ഞു.

"ഒന്നുമാലോചിക്കാനില്ല അച്ചായാ. ഈ കുട്ടികളെ നമുക്കു രക്ഷിക്കണം. രാജാവിന് നമ്മളാൽ ഒരു സഹായം ചെയ്യാൻ പറ്റുന്ന ഒരു അവസരം ദൈവം തന്നതാണ്."

"നീ പറഞ്ഞത് ശരിയാ പക്ഷേ, എങ്ങനെ ഇവരെ ഒളിപ്പിക്കും?"

"നമ്മുടെ കിണറ്റിലിറങ്ങി ഇരിക്കാൻ പറഞ്ഞാലോ? അത്ര പെട്ടെന്നൊന്നും ആരും കണ്ടുപിടിക്കില്ല"

"അതു കൊള്ളാം"

വീട്ടുകാരൻ തിരിഞ്ഞ് വന്നവരോട്, "ഞങ്ങളുടെ മുറ്റത്തെ കിണറ്റിലിറങ്ങി ഇരിക്കാമോ? അത് അല്ലാതെ വേറെ ഒരു വഴി ഞങ്ങൾ കാണുന്നില്ല"

"പക്ഷേ അവർ ഞങ്ങളെ കണ്ടു പിടിച്ചാലോ ? "

"അതോർത്ത് നിങ്ങൾ പേടിക്കേണ്ട. അത് എനിക്ക് വിട്ടേക്ക്" വീട്ടമ്മ പറഞ്ഞു

വീട്ടുകാരുടെ ഉറപ്പിൻമേൽ ആ യുവാക്കൾ കിണറ്റിലിറങ്ങി. അവർ ഇറങ്ങിയ ഉടനെ ആ വീട്ടമ്മ കിണറിന്റെ വായ്ക്കൽ ഒരു മൂടുവിരി വിരിച്ചിട്ടു. എന്നിട്ട് വീണ്ടും അകത്തേക്കോടി.

"ഇവൾ ഇനി എന്തു ചെയ്യാൻ പോവ്വാണോ?" ഭർത്താവ് ഇങ്ങനെ ചിന്തിക്കുന്നതിനിടയിൽ, കയ്യിൽ ഒരു പാത്രവുമായി അവൾ തിരികെ വന്നു.

"പാത്രത്തിലെന്താ?"

"ഇപ്പം കാണിച്ച് തരാം അച്ചായാ"

പാത്രത്തിൽ നിന്ന് ഗോതമ്പ് തരികൾ വാരിയെടുത്തിട്ട് കിണറിന്റെ മൂടുവിരിയുടെ മുകളിലായി ചിക്കി ചിക്കി ഇട്ടു. ഇപ്പോ.... ഒറ്റ നോട്ടത്തിൽ ആരു കണ്ടാലും ഗോതമ്പുമണികൾ ഉണങ്ങാൻ ഇട്ടേക്കുവാണെന്നേ തോന്നൂ. തന്റെ ഭാര്യയുടെ ബുദ്ധിയെ വീട്ടുകാരൻ മനസ്സ് കൊണ്ട് അഭിനന്ദിച്ചു. ഒന്നു സംഭവിക്കാത്ത മട്ടിൽ അവർ വീട്ടുജോലികളിൽ മുഴുകി.

സമയം ഇഴഞ്ഞുനീങ്ങി. മുറ്റത്ത് ആരുടെയോ കാൽ പെരുമാറ്റം.

"ചാരന്മാരായിരിക്കും !!"

"എന്തു പറയും?"

"വഴിയുണ്ട്. നമുക്ക് പ്രാർത്ഥിക്കാം."

വന്നവർ കതകിൽ തട്ടി. വീട്ടമ്മ വാതിൽ തുറന്നു.

"അതേ .... രണ്ടു ചെറുപ്പക്കാർ ഇതു വഴി പോകുന്നത് നിങ്ങൾ കണ്ടാരുന്നോ?"

"ങ്ഹാ, ഞാൻ കണ്ടാരുന്നു. അവർ പോയിട്ട് കുറേ നേരമായല്ലോ. ആ തോട് കടന്നുപോകുന്നതാ കണ്ടത്" വീട്ടമ്മ കുറച്ചകലേക്ക് കൈ ചൂണ്ടി കൊണ്ട് പറഞ്ഞു.

"ഓ, ശരി. വളരെ ഉപകാര്, ഞങ്ങൾ പോകട്ടെ" അവർ നടന്നു നീങ്ങി. തന്റെ ഭാര്യയുടെ മന:സാന്നിദ്ധ്യവും ധൈര്യവും കണ്ട് ഭർത്താവ് അതിശയിച്ചു.

"വാ, ആ പിള്ളേരെ രാജാവിന്റെ അടുത്തേക്ക് വിടണ്ടേ?" അവർ ഓടി കിണറിനടുത്തെത്തി.

"കുട്ടികളെ.... അവർ പോയി. ധൈര്യമായി കയറി പോരെ".

വീട്ടുകാരന്റെ ശബ്ദം കേട്ട്, ഇത്രയും നേരം ശ്വാസമടക്കി പിടിച്ച് എല്ലാം കണ്ടും കേട്ടും ഇരുന്ന അവർ കിണറിന് വെളിയിലിറങ്ങി.

"സഹോദരങ്ങളേ.... നിങ്ങളോട് എങ്ങനെ നന്ദി പറയേണം എന്ന് ഞങ്ങൾക്കറിയില്ല. നിങ്ങൾ രക്ഷിച്ചതുകൊണ്ട് ഞങ്ങൾക്ക് രാജാവിനെ രക്ഷിക്കാൻ പറ്റും. അല്ലെങ്കിൽ അദ്ദേഹം കൊല്ലപ്പെടുമായിരുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

"രാജാവിന് വേണ്ടി ഞങ്ങളും പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാക്കുമാറാകട്ടെ"

ആ യുവാക്കൾ ഓടി മറയുന്നത് നോക്കി നിൽക്കുമ്പോൾ, ഭർത്താവ് ഭാര്യയോട് "നിനക്ക് എവിടുന്നാ ഇത്രയും ധൈര്യം കിട്ടിയത്? "

പുഞ്ചിരിച്ചുകൊണ്ട് ആ വനിത മുകളിലേക്ക് വിരൽ ചൂണ്ടി....

"യഹോവാഭക്തന് ദൃഢ ധൈര്യം ഉണ്ട്...."

ജിജി ജോയ് ജോൺ

ക്രിസ്തീയ സോദരി

# അഗ്നിശോധനയിലെ ആശ്വാസ ദായകൻ

എന്റെ പേര് ഏലിയാമ്മ വർഗീസ് (ജിജി).

വൈദ്യശാസ്ത്രത്തിൻറെ പ്രതീക്ഷ ക്കപ്പുറം, ദൈവത്തിന്റെ അത്ഭുതകര ങ്ങളുടെ പ്രവർത്തനമാണ് എന്റെ ജനനവും ശൈശവവും. വൈദ്യശാ സ്ത്രം വളരെ പുരോഗമിക്കാതിരുന്ന അക്കാലത്ത്, വാളകം കുന്നയ്ക്കാൽ പാപ്പാലിൽ പി. യു. വർഗ്ഗീസ്സിന്റെയും, ചെറുവള്ളിൽ ലീലാമ്മയുടെയും മൂത്ത മകളായി 1969 - ൽ, പൂർണ്ണവളർച്ച എത്താതെ, ഏഴാം മാസം, ജനിക്കുക യും, പിന്നീട് അതിന്റെ അനന്തര ഫല ങ്ങളാൽ ആക്രമിക്കപ്പെടുകയും, മരണത്തോളം എത്തുകയും, അമ്മയു ടെ ഉദരം മുതലേ പിൻതുടർന്ന ദൈവീക കരസ്പർശനത്താൽ അവ യിൽ നിന്നൊക്കെ അതിശയകരമായി വിടുവിക്കപ്പെടുകയും ചെയ്തു.

എന്നാൽ ഒരു വയസ്സു പോലും ആകുന്നതിന് മുമ്പ് “കുഴിക്കരപ്പൻ” ബാ ധിച്ച് വീണ്ടും വളരെ കഷ്ടപ്പെട്ടു. അതി ന്റെ ശേഷം, ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ കിണറ്റിൽ വീണു. ഒരു ദിവസം ഉറക്കത്തിൽ ഒരു വലിയ വി ഷപ്പാമ്പ് നെഞ്ചത്ത് കയറിക്കിടന്നു. കൂ ടാതെ പ്രായം കൂടുന്നതനുസരിച്ചുള്ള പലവിധ ആരോഗ്യ പ്രശ്നങ്ങളും അവ





> ദൈവത്തിന് അടിയനെക്കുറിച്ചുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി, ഇന്നും ജീവനോടെ ശേഷിപ്പിച്ചിരിക്കുന്നു.

സാനമായി രണ്ടു തവണ കോവിഡും വന്നു. അങ്ങനെ മരണം പലതവണ അടുത്തുകൂടിയെങ്കിലും ദൈവത്തിന് അടിയനെക്കുറിച്ചുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി, മരണത്തിൽനിന്ന് വിടുവിച്ച് ഇന്നും ജീവനോടെ ശേഷിപ്പിച്ചിരിക്കുന്നു.

ഒരു ദിവസം ഞങ്ങൾ സ്കൂൾ വിട്ട് വരുന്ന സമയം അന്നത്തെ ചില യുവാക്കൾ വഴിയരികെ നിന്ന് ഉറക്കെ കൈകൊട്ടി പാട്ടുപാടിക്കൊണ്ടിരുണ്ടിരിക്കുന്നത് കണ്ടു. കർത്താവിന്റെ ദാസൻ കെ. വി ഐസക് (പീച്ചി), ഇന്ന് കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്ന പ്രിയ കെ.പി. സ്റ്റീഫൻ സർ (തൃശൂർ), ഡാനിയേൽ വില്യംസ് അപ്പച്ചൻ (കൊച്ചി), സണ്ണി സർ (സുവിശേഷകൻ പീറ്റർ ഫിലിപ്പ് വടക്കഞ്ചേരിയുടെ സഹോദരൻ), ഏലിയാസ് സർ (സഹോദരി ഗ്ലാഡിയുടെ പിതാവ്), കോര സർ, മുതലായവർ ആയിരുന്നു അത്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളായിരുന്ന ഞങ്ങൾ കൗതുകത്തോടെ, ആഹ്ളാദപൂർവ്വം അത് ആസ്വദിച്ചു. "ആഹാ ഇമ്പം ഇമ്പം ഇമ്പം... ഇനി തുമ്പമൊന്നുമില്ലയെ എൻ ജീവിതത്തിൽ യേശുവിനെ കണ്ടനാൾ മുതൽ..." ആ പാട്ടിന്റെ വരികൾ ഇന്നും അതുപോലെ എന്റെ കാതുകളിൽ പ്രതിധ്വനിക്കുന്നു....

അവർ പറഞ്ഞതനുസരിച്ച് തൃശ്ശൂർ വാണിയംപാറക്കടുത്തുള്ള കൊമ്പഴയിലുള്ള ഒരു ഭവനത്തിൽ എല്ലാ ഞായറാഴ്ചകളിലും ഉച്ച കഴിഞ്ഞ് പാട്ടും കഥകളും പഠിക്കുവാനായി പോകുവാനാരംഭിച്ചു. അതൊരു ബ്രദറൺ സണ്ടേസ്കൂളിന്റെ തുടക്കമായിരുന്നു. രാവിലെ ഞങ്ങളുടെ പള്ളിയിലെ സണ്ടേസ്കൂൾ, സൊഡാലിറ്റി മുതലായവയും പതിവുപോലെ തുടർന്നു.

അന്നത്തെ ഒരു കൊച്ചുമിടുക്കിയായ എനിക്ക് രണ്ട് ക്രിസ്തീയ പഠിപ്പിക്കലുകളിലുമുള്ള വ്യത്യാസം മനസ്സിലാക്കുവാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. ചെറുപ്പം മുതലേ പഠിക്കുന്ന കാര്യങ്ങളോട് ചോദ്യങ്ങൾ ചോദിച്ച് പഠിച്ചിരുന്ന ശീലമുള്ള എന്റെ കുരുന്നു മനസ്സിലെ നിഷ്കളങ്കമായ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടി, ദൈവവചനം തുറന്ന് എന്നെക്കൊണ്ട് തന്നെ എടുപ്പിച്ച് വായിപ്പിച്ച് മനസ്സിലാക്കി തന്നിരുന്നതും, വേദപഠന മത്സരങ്ങൾ നടത്തി, അനവധി സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിച്ചിരുന്നതും മറ്റും വളരെ പ്രയോജനവും, പ്രചോദനവുമായിരുന്നു.

തുടർന്ന് സത്യവചനത്തെ യഥാർത്ഥമായി പഠിപ്പിക്കുന്ന രീതി എന്റെ പിഞ്ചു മനസ്സിൽ ഞാൻ അറിയാതെ വലിയ സ്വാധീനം ചെലുത്തി. അതേസമയം ഞങ്ങളുടെ പള്ളിയിൽ എന്നെ സണ്ടേസ്കൂൾ പഠിപ്പിച്ചിരുന്ന വേദാധ്യാപകൻ എന്റെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി തന്നില്ല എന്നു മാത്രമല്ല തിരുസഭയുടെ കൂദാശകളെ ചോദ്യം ചെയ്യതിനുള്ള

നല്ല ശിക്ഷയും മറ്റു കുട്ടികളുടെ മുൻപിൽ വച്ചു തന്നേ ചൂടോടെ തന്നത് പിന്നീട് ഒരു അനുഗ്രഹമായി മാറി. മാത്രമല്ല ഞാൻ ബ്രദറൻ സ്ണ്ടേസ്കൂളിൽ പഠിക്കാൻ പോകുന്നു എന്ന് മനസ്സിലാക്കിയ അദ്ദേഹം എന്റെ മാതാവിനെ വിളിച്ച് ഇനി മേലാൽ അവിടെ വിടരുത് എന്ന് വളരെ താക്കീത് ചെയ്യുകയും ചെയ്തു. എന്നാൽ മക്കൾ നല്ലകാര്യങ്ങളല്ലേ പഠിക്കുന്നത്, നല്ലകാര്യങ്ങൾ കൂടുതൽ പഠിച്ചാൽ അതല്ലേ ഏറെ ഗുണം , അതുകൊണ്ട് അത് തുടർന്നുകൊള്ളട്ടെ എന്ന ഒരു നിഷ്കളങ്ക ചിന്താഗതിയായിരുന്നു എന്റെ മാതാവിന്റേത്. പിന്നീട് ആ ബ്രദറൻ സ്ണ്ടേസ്കൂൾ ആനിവേഴ്സറിയിൽ വച്ച് ദൈവകൃപയാൽ പ്രിയ കർത്തൃദാസൻ കെ.വി. മാത്യു സർ പ്രസംഗിച്ചപ്പോൾ, പരിശുദ്ധാത്മാവിന്റെ സഹായത്താൽ എനിക്ക് യേശുക്രിസ്തുവിനായി എന്റെ ഹൃദയം കൊടുക്കുവാൻ സാധിക്കുകയും ചെയ്തു. "നിന്റെ ഹൃദയം എനിക്ക് തരിക" എന്ന ദൈവീക ആഹ്വാനത്തിനു മുൻപിൽ എഴുന്നേറ്റ് നിന്ന് ഞാൻ എന്നെത്തന്നെ കർത്താവിനായി സമർപ്പിച്ചു; രക്ഷിക്കപ്പെട്ടു. തുടർന്നും ആ സണ്ടേസ്കൂളിൽ എന്റെ സഹോദങ്ങളെയും അടുത്ത വീടുകളിലെ കൂട്ടുകാരേയും കൂട്ടി പതിവായി പോകുമായിരുന്നു. അക്കാലത്ത് എന്നെപ്പോലെ ആ സണ്ടേസ്കൂൾ പ്രവർത്തനത്താൽ വിശ്വാസത്തിൽ വന്ന അനേകരും ഇന്ന് വിശ്വാസത്തിൽ നില നിൽക്കുന്നു, കർത്താവിനായി പ്രയോജനപ്പെടുന്നു എന്നത് സന്തോഷത്തോടുകൂടെ ഓർക്കുന്നു.




എന്റെ പിതാവ് നല്ല ഒരു ബിസ്സിനസ്സുകാരനും കർഷകനുമായിരുന്നെങ്കിലും കൊടും മദ്യപാനിയായിരുന്നതിനാൽ അധികം വൈകാതെ, ഞങ്ങളുടെ സ്ഥലം വിറ്റ് പീച്ചിക്കടുത്തുള്ള കണ്ണാറയിലേക്കും, പിന്നീട് മാനന്തവാടിയിലേക്കും, അവിടുന്ന് നെന്മാറക്കടുത്തുള്ള കയറാടിയിലേക്കും തുടർന്ന് വടക്കഞ്ചേരിയിലേക്കും (ആലത്തൂർ) താമസം മാറേണ്ടതായി വന്നു.

ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം എന്നത് രക്ഷിക്കപ്പെട്ട് ദൈവപൈതലായിത്തീരുവാൻ കഴിഞ്ഞു എന്നതാണ്. അതും, വളരെ ചെറുപ്രായത്തിൽ തന്നെ ഭവനത്തിൽ നിന്ന് ആദ്യഫലമായി. പല തടസ്സങ്ങളും നേരിട്ടെങ്കിലും 1984 മാർച്ച് 31 ന് , ഞാൻ പത്താം ക്ളാസ്സിൽ പഠിക്കുമ്പോൾ, ദൈവ വചനപ്രകാരം സ്നാനപ്പെടുവാൻ ഭാഗ്യം ലഭിച്ചു. പിന്നീട് മാതാപിതാക്കളും സഹോദരങ്ങളുമെല്ലാം രക്ഷിക്കപ്പെട്ട്, ദൈവ വചനപ്രകാരം സ്നാനപ്പെട്ടു കർത്താവിനെ ആരാധിക്കുവാൻ വഴികാട്ടിയായി ദൈവം അടിയനെയും ഉപയോഗിച്ചു. സ്തോത്രം.

സ്കൂളിൽ പഠിക്കുമ്പോൾ എല്ലാ പുണ്യവാളൻമാരോടും മധ്യസ്ഥ പ്രാർഥനയും മെഴുകുതിരി കത്തിക്കലുമൊക്കെ മുടങ്ങാതെ ചെയ്തുവന്നെങ്കിലും, വീടുപണിക്കാരായ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ആ കല്ലാണ് യേശു. മറ്റാരിലും രക്ഷയില്ല, ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്ക് രക്ഷക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് അവി

ടുന്ന് ആഗ്രഹിക്കുന്നത്. എന്തെന്നാൽ, ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ- മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചന മൂല്യമായി നൽകി. മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിൻറെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നവനുമായ യേശുക്രിസ്തു തന്നെ. എന്നീ സത്യങ്ങൾ മനസ്സിലാക്കിയപ്പോൾ, പുണ്യവാളൻമാരോടുള്ള മധ്യസ്ഥ പ്രാർഥനയും മെഴുകുതിരി കത്തിക്കലുമൊക്കെ ക്രമേണ നിർത്തി.

1987 ജനുവരിയിൽ റ്റി എം എം തിരുവല്ലയിൽ നേഴ്സിംഗ് പഠനത്തിന് ലഭിച്ച അവസരം ആത്മീകവും ഭൗമീകവുമായ ജീവിതത്തിന് വലിയ മുതൽക്കൂട്ടായി. "അറിയുന്നല്ലോ ദൈവം അറിയുന്നല്ലോ എൻറെ ഭാവിയാകെ നാഥൻ അറിയുന്നല്ലോ" എന്ന ആത്മിയ ഗീതത്താൽ ആകൃഷ്ടയായതിനാലാണ്, തൃശൂർ ജൂബിലി മിഷ്യനിൽ ഫസ്റ്റ് റാങ്കിൽ സെലക്ഷൻ ലഭിച്ചിട്ടും, TMM - ൽ Nursing പഠിക്കുവാനെത്തിയത്. അത് എനിക്ക് ഒരു ബൈബിൾ കോളേജിന്റെ ഗുണം ചെയ്തു. പ്രഗത്ഭരായ അനേക സുവിശേഷകന്മാരുടെ ബൈബിൾ ക്ളാസ്സുകളും, ചാപ്പലിലെ മീറ്റിംഗുകളും, ഹോസ്റ്റലിലെ ആത്മീയ കൂടിവരവുകളും, പ്രാർഥനയും, അകത്തും പുറത്തും ചെയ്തുവന്ന സുവിശേഷ പ്രവർത്തനങ്ങളും എന്നെ ഒരു തികഞ്ഞ വേർപാട്കാരിയാക്കി. അവിടുത്തെ വാർഡനായിരുന്ന എസ്. എ. മേരി കൊച്ചമ്മയുടെ പ്രാർത്ഥനയോടു കൂടെയുള്ള പ്രോത്സാഹനവും നിമിത്തം പലരോടും സുവിശേഷം പങ്കുവെക്കാനും മറ്റുള്ളവരെ ആശ്വസിപ്പിക്കാനും കഴിഞ്ഞു. റ്റി. എം. എം. ലെ പഠനം കഴിഞ്ഞ് 1992 വരെ അവിടെത്തന്നെ ജോലിയിൽ തുടർന്നു. പാപത്തേയും പ്രലോഭനങ്ങളേയും ജയിച്ച് ജീവിതം തുടരുവാൻ ദൈവവചന പാരായണം ഒത്തിരി ഉപകരിച്ചു. പിന്നീട് കുവൈറ്റിലേക്കുള്ള ഇന്റർവ്യൂ, ബോംബേയിലെ ചില മാസങ്ങളിൽ മാത്രം ജോലിചെയ്യുവാൻ ലഭിച്ച അവസരം,


വിവാഹദിനത്തിൽ

കുവൈറ്റിലെ ജീവിതം, വിവാഹം, കുടുംബജീവിതം ഇത്യാദി കാര്യങ്ങളിൽ അനുഭവിച്ച വെല്ലുവിളികളും പരിശോധനകളും ദൈവീക നടത്തിപ്പും കരുതലുകളും അനവധിയാണ്. 1992 സെപ്റ്റംബർ 20 - ന് ഗവണ്മന്റ് നേഴ്സായി കുവൈറ്റിലെത്തി.

രക്ഷിക്കപ്പെട്ടപ്പോഴും സ്നാനപ്പെടപ്പോഴും അനുഭവിച്ചതിനേക്കാൾ ആത്മീക പോരാട്ടം നേരിട്ടത് വിവാഹാലോചനയോടുള്ള ബന്ധത്തിൽ ആണ്. അന്യ മത പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന, സാമ്പത്തികശേഷി കുറഞ്ഞ ഒരാളുമായുള്ള വിവാഹ ആലോചനയെന്ന ഒറ്റകാരണത്താൽ ആണ് ആ വെല്ലുവിളികൾ നേരിടേണ്ടി വന്നത്. വിവാഹം ആലോചിച്ച കൂട്ടു സഹോദരിയോട് "നോ" പറഞ്ഞ ഞാൻ ഹോസ്റ്റലിൽ വന്ന് പതിവുപോലെ ബൈബിൾ വായിക്കുമ്പോൾ അപ്പോസ്തല പ്രവർത്തി പത്താം അധ്യായം 34, 35 വാക്യങ്ങളിൽക്കൂടെ ദൈവം വളരെ കൃത്യമായി സംസാരിച്ചതനുസരിച്ച് എന്റെ തീരുമാനം മാറ്റുകയുണ്ടായി. "അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞു തുടങ്ങിയതു: ദൈവത്തിന്നു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യാഥാർത്ഥമായി ഗ്രഹിക്കുന്നു". എന്നാൽ ഈ കാര്യത്തിലുള്ള



**രണ്ടിടങ്ങളിലായി കത്തിക്കൊണ്ടിരുന്ന വിളക്കുകൾ ഒരുമിച്ച്, അനേകരിലേക്ക് പ്രകാശം പരത്തുവാൻ..**

എതിർപ്പ് നേരിടാൻ കഴിയാത്തതുകൊണ്ടും ദൈവവചനം അനുസരിക്കേണ്ടി വരുമല്ലോ എന്ന ചിന്തകൊണ്ടും ആ വാക്യങ്ങളുടെ താഴോട്ട് അന്ന് വായിക്കാതെ വിട്ടു. പിറ്റേ ദിവസം പതിനൊന്നാം അധ്യായം വായിച്ചപ്പോൾ പത്രോസ് യെരുശലേമിൽ വന്ന് തന്റെ അനുഭവത്തെക്കുറിച്ച് വിശദീകരിക്കുന്നതിനിടയിൽ അപ്പൊസ്തോല പ്രവർത്തി 11:17, 18 വാക്യങ്ങൾ വഴി "ദൈവത്തെ തടുക്കുവാൻ തക്കവണ്ണം ഞാൻ ആര്" എന്ന ചോദ്യം വീണ്ടും ദൈവാത്മാവ് എന്നോട് ശക്തമായി ചോദിച്ചുകൊണ്ടിരുന്നു. ഇതിനോടകം പല യിടങ്ങളിൽ നിന്നും വിവാഹ ആലോചനകൾ വന്നു കൊണ്ടിരുന്നു. ദൈവ വചനത്തോട് വിശ്വസ്തത പുലർത്താൻ പറ്റാത്തതിനാൽ ഞാൻ പുതിയ നിയമ വായന തല്ക്കാലം നിർത്തി വച്ചു. ഉല്പത്തി പുസ്തകത്തിന്റെ വായന ആരംഭിച്ചു. എന്നാൽ അന്ന് ഒരു വ്യാഴാഴ്ച്ച സഭയിലെ മറ്റൊരു മുതിർന്ന സഹോദരി ഇതേ വിവാഹ ആലോചന തന്നേ വീണ്ടും എന്നോട് പറഞ്ഞപ്പോൾ, പ്രാർത്ഥിക്കാൻ ഞാൻ ആവശ്യപ്പെട്ടു. അന്ന് ഞാൻ വായിച്ച ഉല്പത്തി 24:50-51 "അപ്പോൾ ലാബാനും ബെഥൂവേലും, ഈ കാര്യം യഹോവയാൽ വരുന്നു; നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്ക് കഴികയില്ല. ഇതാ, റിബെക്കാ നിന്റെ മുമ്പാകെ ഉണ്ടല്ലോ; അവളെ കൂട്ടിക്കൊണ്ടുപോക; യഹോവ കല്പിച്ചതു പോലെ അവൾ നിന്റെ യജമാനന്റെ മകനു ഭാര്യയാകട്ടെ എന്നു ഉത്തരം പറഞ്ഞു" വാക്യങ്ങളിലൂടെ ദൈവം എന്നോട് വീണ്ടും സംസാരിച്ചിരുന്നു. അങ്ങനെ ദൈവഹിതം അനുസരിച്ച് 1994 ജനുവരി 27 - ന് കുവൈറ്റിൽ വച്ച് മുമ്പ് ശിവാനന്ദൻ എന്നറിയപ്പെട്ട സഹോദരൻ ജോയ് ജോണിന്റെ ഭാര്യയായിത്തീരുവാൻ കഴിഞ്ഞതാണ് ജീവിതത്തിലെ മറ്റൊരു ഭാഗ്യം. അതുവരെ "രണ്ടിടങ്ങളിലായി കത്തിക്കൊണ്ടിരുന്ന രണ്ട് വിളക്കുകൾ ഒരുമിച്ച് കത്തി അനേകരിലേക്ക് പ്രകാശം പരത്തുവാനിടയാകട്ടെ" എന്ന് ഞങ്ങളുടെ വിവാഹ ശുശ്രൂഷ നടത്തിയ സുവി. കെ. വി. മാത്യു സാറിന്റെ ആശംസ പോലെ കുടുംബ ജീവിതം നയിക്കുവാൻ അധികം കൃപ ആവശ്യമായിരുന്നു. വീട്ടിലെ മൂത്ത മകളുടെ വിവാഹം അന്യ മതത്തിൽ നിന്നും വന്ന ഒരാളുമായി നടന്നാൽ ഇളയവരുടെ വിവാഹത്തിന് തടസ്സം നേരിട്ടേക്കാം എന്ന ഭയവും ഭർത്താവിൻറെ സാമ്പത്തികമായ പോരായ്മയും എന്റെ പ്രാർത്ഥനാ വിഷയം ആയിരുന്നു, എന്നാൽ അധികം വൈകാതെ തന്നെ അത്ഭുതകരമായി ദൈവം അച്ചാച്ചന് എന്നേക്കാൾ മെച്ചപ്പെട്ട ജോലി നൽകുകയും അച്ചാച്ചന്റെ നല്ല ജീവിത സാക്ഷ്യം കൊണ്ട് എന്റെ കൂടപ്പിറപ്പുകളുടെ വിവാഹം നടക്കാൻ മുഖാന്തിരമായി.

1995 ഡിസംബർ 4 - നും, 1997 ഡിസംബർ 14 - നുമായി രണ്ട് ആൺ പൈത



കുടുംബത്തോടൊപ്പം

ങ്ങളെ തന്ന് ദൈവം കുടുംബ ജീവിതത്തെ അനുഗ്രഹിച്ചു. ജോഷ്വായും ജോയലും. രണ്ടുപേരേയും രണ്ടു മാസമുള്ള ഗർഭസ്ഥ ശിശുക്കളായിരു ന്നപ്പോൾ ത്രെട്ടൻഡ് അബോർഷൻ എന്ന് സ്കാനിംങ് വഴി തീർച്ചപ്പെടുത്തിയതായിരുന്നു. എന്നാൽ നോർമ്മലാക്കിത്തരുവാൻ ദൈവത്തിന് പ്രസാദമായി. അവരും കുടുംബസ്ഥരായി ഇപ്പോൾ കുവൈറ്റിലുണ്ട്.

എന്നാൽ 1994 മുതൽ ഞങ്ങളുടെ കുടുംബജീവിതത്തിലും അനേകം കൊടുങ്കാറ്റുകൾ അടിക്കടി ആഞ്ഞടിച്ചു കൊണ്ടേയിരുന്നു. ആദ്യവർഷം തന്നെ അച്ചാച്ചന്റെ വിസാ പ്രശ്നം, ജോലിയിൽ പ്രതിസന്ധി, അബോർഷനുകൾ, മറുപിള്ളയെ മുഴുവനായി എടുത്തുകളയാതെ പരാജയപ്പെട്ട D & C (1996), ഗർഭസ്ഥ ശിശു പൂർണ്ണ വളർച്ച എത്തിയപ്പോൾ ഉദരത്തിൽ വച്ച് മരണപ്പെട്ടെങ്കിലും ആരോഗ്യപ്രവർത്തകർക്ക് കണ്ടെത്താനാകാതെ ഗർഭപാത്രത്തിൽ അഴുകിത്തുടങ്ങിയ ഏക പെൺകുഞ്ഞിന്റെ പ്രസവം (1999), അടുത്തകുഞ്ഞിനെ, ആറാം മാസത്തിൽ അര കിലോ ഗ്രാം തൂക്കത്തിൽ സിസ്സേറിയൻ വഴി പുറത്തെടുത്ത് (2000), പലപ്പോഴും മരണവിളി പ്രതീക്ഷിച്ച് വളർത്തി, പല ആരോഗ്യ പ്രശ്നങ്ങളേയും അതിജീവിച്ച്, ഇനി മരണഭയം മാറി, എല്ലാം നോർമ്മലായി എന്ന് കരുതിയിരുന്നപ്പോൾ സ്വന്തം കയ്യിലിരുന്ന് ഒരു വർഷവും മൂന്ന് മാസവും 18 ദിവസവും പ്രായമായ, ആറ്റുനോറ്റ് വളർത്തിയ ആരോമൽ, അന്ത്യശ്വാസം വലിച്ചത് (2002) തുടങ്ങി നിരവധി കയ്പേറിയ ജീവിത സാഹചര്യങ്ങളെ നേരിടുവാൻ ദൈവം സഹായിച്ച വിധങ്ങൾ വിവരണാതീതമാണ്.

കർത്താവ് ഞങ്ങൾക്ക് അഞ്ചു മക്കളെയാണ് തന്നതെങ്കിലും രണ്ടു പേരെയാണ് വളർത്തി വലുതാക്കുവാൻ അനുവദിച്ചത്. ഇളയ മകൻ ജോബ് മോന്റെ ജനനം, വളർച്ച, മരണം എന്നിവ ജീവിതത്തിൽ പ്രധാനപ്പെട്ട അനുഭവമാണ്. ആറാം മാസം അടിയന്തിരമായി ജോബ് മോനെ ഓപ്പറേഷൻ ചെയ്തെടുക്കേണ്ടി വന്നു. കേവലം 550 ഗ്രാം മാത്രം തൂക്കം ജനനത്തിലുണ്ടായിരുന്ന ജോബ് മോൻ ഏകദേശം നാലു മാസം ഹോസ്പിറ്റലിൽ വളർന്നു. അഞ്ചാം മാസം ഒരു കിലോ 250 ഗ്രാം തൂക്കമുള്ള ജോബ് മോനെ വീട്ടിലേക്ക് കൊണ്ടുവന്നു. ജന്മനാ ഉള്ള വൈകല്യങ്ങളോടെ ആശുപത്രിയിലും ഭവനത്തിലുമായി ജോബ് മോൻ വളർന്നു കൊണ്ടിരുന്നു. ഇതിനിടയിൽ മോൻ രണ്ട് സർജറിക്ക് വിധേയനായി തീർന്നു. മൂത്ത മക്കൾ ആറും നാലും വയസ്സു പ്രായം, മാതാപിതാക്കളോ മറ്റാരും സഹായത്തിനില്ലാതെ അഗ്നിശോധനയിലൂടെ

കഴിഞ്ഞു കൂടിയ നാളുകൾ. എങ്കിലും ജോബ് മോന്റെ നില മെച്ചപ്പെട്ടു വന്നു. ആരോഗ്യം പ്രാപിച്ച് വളർന്നു വരുന്നതിടയിൽ നിനയാത്ത നേരത്ത് 2012 ജനുവരി 15 - ന് എന്റെ കൈകളിൽ ഇരുന്ന് മോൻ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ആ സമയങ്ങളിൽ എല്ലാ ദൈവമക്കളുടെയും കരുതലും സ്നേഹവും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ആ സാഹചര്യത്തിലാണ് ഈ അടുത്ത സമയത്ത് പുറത്തിറങ്ങിയ "ആശ്വാസദായകൻ യേശുവേ" എന്ന ഗാനം എന്റെ അച്ചാച്ചൻ എഴുതിയത്.




ഗാനം കേൾക്കുന്നതിനായി ചിത്രത്തിൽ ക്ലിക്ക് ചെയ്യുക. ഇതിനോടകം ധാരാളം ഗാനങ്ങൾ ദൈവനാമമഹത്വത്തിനായി അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പുറത്തു വന്നിട്ടുണ്ട്. മകന്റെ മരണാനന്തരം ഞങ്ങളുടെ ഭവനത്തിൽ ആരംഭിച്ച ഒരു ഔട്ട് റീച്ച് പ്രവർത്തനം 6 വർഷങ്ങൾക്ക് ശേഷം ഒരു സഭാകൂടിവരവായി തീരുകയും ചെയ്തു.

കുവൈറ്റിൽ വന്ന് 15 വർഷത്തിന് ശേഷമാണ് ഞങ്ങൾക്ക് ഒരു വീടും സ്ഥലവും ഉണ്ടായത്. പാലക്കാട് ജില്ലയിൽ വടക്കുംചേരിക്കടുത്ത് കണച്ചിപ്പരുത എന്ന സ്ഥലത്ത് സുവിശേഷ പ്രവർത്തനം നടത്തിയിരുന്ന സുവിശേഷകൻ കെ. പി. ഹരിദാസും സഹ പ്രവർത്തകരും ഒരു നായർ ഭവനത്തിൽ സുവിശേഷം അറിയിക്കാൻ കടന്നു ചെന്നപ്പോൾ ഇറക്കിവിട്ട വീടും സ്ഥലവും ഞങ്ങൾക്ക് വാങ്ങുന്നതിനും അവിടെ 6 വർഷങ്ങൾ സുവിശേഷകന് താമസിക്കുവാനും സഭയായുള്ള ആരാധന നടത്തുവാനും ആ പറമ്പിൽ സഭാ ഹാൾ ഉണ്ടാകുവാനും ഇടയായി എന്നതും ദൈവിക പദ്ധതിയുടെ ഒരു അനുഭവമായി കരുതാൻ കഴിയുന്നു.

ദൈവം ദോഷങ്ങളാൽ പരീക്ഷിക്കില്ല. പരീക്ഷയോടുകൂടെ പോക്കുവഴിയും നല്കി, നമ്മെ പൊന്നുപോലെ പുറത്തു കൊണ്ടു വരുന്ന പ്രാണസ്നേഹിതനാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു. അവിടുത്തെപ്പോലെ മറ്റൊരു രക്ഷകനില്ല, ദൈവമില്ല. അവിടുത്തെപ്പോലെ കൂടെയിരിക്കുവാനും, സ്നേഹിക്കുവാനും മറ്റാർക്കും കഴിയില്ല. നമ്മെ അനാഥരായി വിടാത്തവൻ. അമ്മ ആശ്വസിപ്പിക്കുന്നതു പോലെ ആശ്വസിപ്പിക്കുന്നവൻ. കർത്താവായ യേശുക്രിസ്തുവിനായി ജീവിക്കുന്നതിനേക്കാൾ ഭാഗ്യം വേറെയൊന്നില്ല. യഹോവ നല്ലവനെന്ന് രുചിച്ചറിവിൻ.

ഈ സാക്ഷ്യം വായിക്കുന്ന ആരെങ്കിലും യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കാത്തവരുണ്ടെങ്കിൽ, ഇനി താമസിക്കല്ലേ... മരണശേഷം ജീവിതം സ്വർഗത്തിലോ നരകത്തിലോ എന്ന് ഉറപ്പ് വരുത്താവുന്ന ഏറ്റവും പ്രധാനപ്പെട്ട തീരുമാനമാണത്. ആരെങ്കിലും അവിവാഹിതരാണെങ്കിൽ, ഒരു ആത്മീയനായ ദൈവപൈതലിനെ ദൈവഹിതപ്രകാരം മാത്രം വിവാഹം കഴിക്കുവാൻ തീരുമാനിക്കുക. കുടുംബജീവിതം സ്വർഗതുല്യമോ നരകതുല്യമോ ആക്കുവാൻ കഴിയുന്നതാണ് ആരെ വിവാഹം കഴിക്കും എന്നത്. ആരെങ്കിലും പ്രശ്നങ്ങൾക്കു മുമ്പിൽ പകച്ചു നില്ക്കുന്നവരാണെങ്കിൽ, സത്യവേദപുസ്തകം അഥവാ ദൈവവചനം വായിക്കുക, ദൈവത്തിന് പരിഹരിക്കുവാൻ കഴിയാത്ത ഒരു പ്രശ്നവുമില്ല. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം ദൈവവചനമെന്ന തിരുവെഴുത്തിലുണ്ട്. പ്രാർഥനാപൂർവ്വം മുടങ്ങാതെ ദൈവവചനമെന്ന ആത്മീക ഭക്ഷണം കഴിക്കുക. ഇത്രയും, ഇതിലേറെയും ജീവിത പ്രശ്നങ്ങളെ നേരിടുവാൻ ഞങ്ങൾക്ക് കരുത്തേകിയത് അതാണ്.

# യുദ്ധക്കളത്തിലെ വിജയ പോരാളികൾ




പേർഷ്യൻ സൈനീക ജനറൽ കാൾ വോൺ ക്ലോസെവിറ്റ്സ് ൻറെ യുദ്ധത്തെക്കുറിച്ചുള്ള നിർവ്വചനം " തങ്ങളുടെ ശത്രുക്കളെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്നതിനു വേണ്ടിയുള്ള ബലപ്രയോഗമാണ് യുദ്ധം"

യുദ്ധം എന്തിനു വേണ്ടി? ഏതു കാലത്തെയും ചോദ്യം. ഉത്തരം; ശത്രുവിനെ കീഴടക്കി അവരുടെ മേൽ അധികാരം നേടുക.

യുദ്ധത്തിൽ പരാജയപ്പെടുന്നവർക്ക് സ്വന്തമായതെല്ലാം നഷ്ടപ്പെടുന്നു. ജയിക്കുന്നവർക്ക് നേട്ടം.

യുദ്ധം, വിജയം, യുദ്ധക്കളത്തിലെ വിജയ പോരാളികൾ ഇവ വിലയിരുത്താം. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ശത്രുവായ പിശാചിനെ അനുസരിച്ചതിനാൽ, പാപം മനുഷ്യനിൽ പ്രവേശിച്ചു.തന്മൂലം മനുഷ്യർ ശത്രുതയുള്ളവരായി അന്യോന്യം നശിപ്പിക്കുവാൻ ശ്രമിച്ചു ഇതാണ് യുദ്ധങ്ങളുടെ ആരംഭ രൂപം.പാപം അതിൻറെ കാരണവും.






ബിൻസി
ജേക്കബ്

ലോകത്തിലെ യുദ്ധങ്ങളുടെ രീതി നാം ശ്രദ്ധിക്കുമ്പോൾ വിശ്വാസികൾക്കും ഒരു പോരാട്ടം (യുദ്ധം) ഉണ്ടെന്ന് നാം തിരിച്ചറിയുന്നു. ഒരു ദൈവപൈതലിന് പാപവും, ദുഷ്ടതയും നിറഞ്ഞ ലോകത്തിൽ സാത്താന്യശക്തികൾക്കെതിരെ യുദ്ധം ഉണ്ട്. ( എഫെസ്യർ.6:12)

ദുരിതപൂർണ്ണ ജീവിതത്തിൽ ഇയ്യോബ് ചോദിച്ചു." മർത്യന് ഭൂമിയിൽ യുദ്ധസേവയില്ലയോ?" കഷ്ടതയെന്ന യുദ്ധാവസ്ഥയിൽ ദൈവത്തിലാശ്രയിച്ച് ഇയ്യോബ് വിജയിച്ചു. ഇതു പോലെയുള്ള യുദ്ധാനുഭവങ്ങൾ വിശ്വാസികൾക്കുണ്ട്. നമുക്ക് യുദ്ധത്തിൽ ജയിക്കുവാൻ സാധിക്കണം എന്നതാണ് പ്രസക്തം.

ശത്രുവിനെയും, ശത്രുവിൻറെ സൈനീക ശക്തി തിരിച്ചറിയുന്നതും, പ്രതിരോധത്തിനും വിജയത്തിനാവശ്യമായ ആയുധം നമ്മുടെ കൈവശം ഉണ്ടായിരിക്കുകയും അവ ശരിയായി

ഉപയോഗിക്കുവാൻ അറിയുക എന്നതു മാണ് യഥാർത്ഥ വിജയത്തിനാവശ്യം.

ആരാണ് നമ്മുടെ ശത്രു ? സാത്താനും അവൻ്റെ ദൂതന്മാരും.( എഫെ.6:12). ശത്രു വിൻ്റെ ആയുധം ഏവ? നിരാശ, നിരുത്സാഹം, സംശയങ്ങൾ, ദുരുപദേശം ധാർമ്മികമായി പരാജയത്തിൽ വീഴിക്കുക ഇങ്ങനെ പലതുമാണ്.ഇത് തിരിച്ചറിഞ്ഞ് പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യില്ലെങ്കിൽ നാം പരാജയപ്പെടും. അഥവാ നമ്മുടെ ആത്മിക ജീവിതത്തിൻ്റെ പരാജയം സംഭവിക്കും. നമ്മെ പരാജയപ്പെടുത്താൻ ശക്തനായ ശത്രു വെളിച്ച ദൂതൻ്റെ വേഷം ധരിച്ച് (2കൊരി. 11:14) നമുക്കെതിരെ വരും. നമ്മുടെ ലക്ഷ്യം തെറ്റിക്കുവാൻ ശ്രമിക്കും. അവൻ്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ. (2കൊരി. 2.11).നാം പോരാളികൾ അഥവാ പട്ടാളക്കാരാണ്. നമുക്ക് ഉണർന്ന് പോരാടാം. നമ്മുടെ ആയുധംഎന്താണ്? ഇതിൻ്റെ ഉത്തരം എഫെസ്യർ 6:13 മുതൽ 18 വരെ.

ആയുധങ്ങളും അവയുടെ വിശദീകരണവും. പടയാളികളായ നമ്മൾ യുദ്ധത്തിൽ ജയിക്കുവാൻ ദൈവത്തിൻ്റെ സർവ്വായുധവർഗ്ഗം ധരിക്കുകയും എടുക്കുകയും ചെയ്യണം.( എഫെ. 6:13 - 18 ). അരക്ക് സത്യം കെട്ടണം. ശരീരത്തെ ബലത്തോടെ നിർത്തുന്നതാണിത്.ജീവിതത്തിൽ വചനം അനുസരിക്കണം.നീതി എന്ന കവചം.അനുദിന ജീവിതത്തിൽ നീതി പ്രകടമാക്കുക. സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പ്.സുവിശേഷം അറിയിക്കുവാൻ എപ്പോഴും ഒരുക്കം ഉണ്ടായിരിക്കണം.ഈ സുവിശേഷം ശത്രുവിനെ പരാജയപ്പെടുത്തിയ യേശുക്രിസ്തുവാണ്.( 2 തിമൊ.2:8. കൊലൊ. 2:14, 15) ക്രിസ്തുവാകുന്ന സുവിശേഷം പ്രചരിപ്പിച്ചും, ശത്രുവിനെതിരെ പോരാടിയും യോഗ്യമായ ജീവിതം നാം നയിക്കണം.

നമ്മുടെ തലയെ രക്ഷയുടെ ശിരസ്ത്രം സംരക്ഷിക്കുന്നു. സ്വാതന്ത്ര്യം പ്രാപിച്ച നാം (യോഹ. 8:32) നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന എല്ലാറ്റിൽ നിന്നുമുള്ള സംരക്ഷിത കവചം ധരിച്ച് നാം നിലനിൽക്കണം.ഈ ആയുധങ്ങൾ ധരിച്ചു ജീവിക്കുന്ന നാം എടുക്കേണ്ട മറ്റ് ആയുധങ്ങൾ ( എഫെ.5:16, 17 ); വിശ്വാസം എന്ന പരിച.ശത്രുവിൻ്റെ തീയമ്പുകളായ അവിശ്വാസത്തെ പരാജയപ്പെടുത്തുവാൻ നാം ഉപയോഗിക്കേണ്ടത് ക്രിസ്തുവിലും, വചനത്തിലും ഉള്ള വിശ്വാസമാണ്.ഈ പരിച എപ്പോഴും നാം എടുക്കണം.

ശത്രുവിനെതിരെയുള്ള ശക്തിയേറിയ മറ്റൊരായുധം; ദൈവവചനമെന്ന ആത്മാവിൻ്റെ വാൾ. ഇത് നാം എപ്പോഴും എടുക്കണം.തിരുവെഴുത്ത് ശരിയായി പരിശീലിക്കണം. കർത്താവ് ശത്രുവിനെ വചനത്താൽ തോല്പിച്ചതുപോലെ നാമും ശത്രുവിനെ പരാജയപ്പെടുത്തണം.(ലൂക്കോ. 4: 1-13).

ഈ സർവ്വായുധങ്ങൾ എല്ലാം ധരിച്ചും, എടുത്തും, ശരിയായി ഉപയോഗിച്ചും എപ്പോഴും ആത്മാവിൽ പ്രാർത്ഥിച്ചും നാം മുന്നേറണം. ആയുധ ഉപയോഗത്തിനും, വിജയ ജീവിതത്തിനും പ്രാർത്ഥന അത്യന്താപേഷിതമാണ്. പ്രാർത്ഥനയില്ലാത്ത ആത്മവിശ്വാസം ആപത്താണ്. പ്രാർത്ഥനയിൽ കർത്താവിൽ ശരണപ്പെട്ട് കർത്താവിൻ്റെ നിർദ്ദേശം അനുസരിച്ച് നാം മുന്നേറണം. വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരാണ് നാം. അങ്ങനെ നാം കടന്നു പോകുമ്പോൾ ലോകത്തെ ജയിച്ച ജയാളിയായ ക്രിസ്തു നമ്മെ വിജയത്തിലേക്കെത്തിക്കും.

ദൈവമക്കളായ നമ്മെ ഈ ആത്മീക പോരാട്ടത്തിൽ ശത്രുവിനെ പരാജയപ്പെടുത്തുവാൻ കർത്താവ് സഹായിക്കും. നമ്മെ വിജയത്തിലേക്ക് നയിക്കും. ഒടുവിൽ നിത്യതയിൽ തൻ്റെ അടുക്കൽ ചേർക്കും. അന്ന് നമ്മുടെ യുദ്ധം അവസാനിക്കും. നാം ജയിക്കും. ശത്രുവായ പിശാചിനെയും തൻ്റെ ദൂതന്മാരെയും നിത്യ നരകത്തിൽ തള്ളിയിടും (വെളിപ്പാട് 20:10 )സമ്പൂർണ്ണ ജയം സാദ്ധ്യമാകും. കർത്താവ് നിമിത്തം നാമാണ് യുദ്ധക്കളത്തിലെ വിജയ പോരാളികൾ.

# പുൽത്തൊട്ടിയിലെ രാജകുമാരൻ



യേശുവിന് രാജകൊട്ടാരത്തിൽ ജനിക്കാമായിരുന്നില്ലേ? പുൽത്തൊഴുത്തിൽ ജനിച്ചത് എന്തിനാണ്?

മിനിമോൾ അമ്മാമ്മയുടെ അരികിലോട്ട് ചേർന്നിരുന്ന് ആ മുഖത്തേക്ക് സാകൂതം നോക്കിയിരുന്നു..

അമ്മാമ്മയുടെ അടുത്തിരുന്ന് കഥ കേൾക്കാൻ നല്ല രസമാണ്. എല്ലാ അവധിക്കും നാട്ടിൽ വരുമ്പോൾ അതു പതിവാണ്. പക്ഷേ കോവിഡ് ആയതിനാൽ ഇത്തവണ മൂന്നു വർഷങ്ങൾക്കുശേഷമാണ് നാട്ടിൽ വന്നത്.. വന്നപാടെ അവൾ അമ്മാമ്മയോട് സംശയം ചോദിക്കുകയും അമ്മാമ്മ അതിനെല്ലാം ഉത്തരം പറയുകയും ചെയ്തുകൊണ്ടേയിരുന്നു.

അമ്മാമ്മേ... അപ്പോ.. യേശു അപ്പച്ചൻ ജനിക്കുന്നതിനു മുമ്പേ യേശു എവിടെ ജനിക്കും എന്ന് പറഞ്ഞിരുന്നു അല്ലേ?.. അതേ മോളെ.. യേശു അപ്പച്ചന്റെ ജനനത്തിന് ഏകദേശം 700 വർഷങ്ങൾക്കു മുമ്പ്, യേശു കന്യകയിൽ കൂടി ജനിക്കുമെന്ന് യെശയ്യാ പ്രവാചകൻ പ്രവചിച്ചു... അതുപോലെ യേശു ജനിക്കുന്ന സ്ഥലം എവിടെയാണെന്ന് മീഖാ പ്രവാചകനും പ്രവചിച്ചു...

അങ്ങനെയോ?.. അതൊരു അത്ഭുതം തന്നെയാണല്ലോ.. മിനിമോളുടെ കണ്ണുകൾ വിടർന്നു... അതേ മോളെ.. യേശു അത്ഭുതം തന്നെയാണ്.. രാജാധി രാജാവും കർത്താധി കർത്താവും ആയ ദൈവം മനുഷ്യനായി ഈ ഭൂമിയിൽ പിറന്നു... അതല്ലേ ഏറ്റവും വലിയ അത്ഭുതം....



LISTEN

മേരി. എസ്
ജോർജ്ജ്



**പുൽത്തൊഴുത്തിൽ രാജാവി നും, ആട്ടിടയന്മാർക്കും എല്ലാ വർക്കും വരാം.. അവൻ "പുൽത്തൊട്ടിയിലെ രാജകുമാ രനാണ്."**

"യേശു രാജാവാണെങ്കിൽ പിന്നെ പുൽത്തൊഴുത്തിൽ ജനിച്ചത് എന്തിനാണ്? യേശുവിന് രാജകൊട്ടാരത്തിൽ ജനിക്കാമായിരുന്നില്ലേ?.. മിനിമോളുടെ സംശയം ഏറി വന്നു...

"അവിടെയാണ് മോളെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുന്നത്.. കൊട്ടാരത്തിൽ ആണെങ്കിൽ യേശുവിനെ കാണുവാൻ എല്ലാവർക്കും അങ്ങോട്ട് പ്രവേശിക്കാൻ കഴിയില്ലല്ലോ"...

"ശരിയാ... അവിടെ ഒത്തിരി കാവൽക്കാരും പട്ടാളക്കാരും എല്ലാമുണ്ട് സാധാരണക്കാർക്ക് അങ്ങോട്ട് ഒന്നും പോകാൻ പറ്റത്തില്ല..അല്ലേ അമ്മാമ്മേ"... മിനിമോൾ പറഞ്ഞു.. മോള് പറഞ്ഞത് ശരിയാണ്.. എന്നാൽ പുൽത്തൊഴുത്തിൽ രാജാവിനും, ആട്ടിടയന്മാർക്കും എല്ലാവർക്കും വരാം.. അവൻ "പുൽത്തൊട്ടിയിലെ രാജകുമാരനാണ്." ഇതിനിടക്ക് മിനി മോളുടെ മമ്മി വന്നു...

മിനി മോളേ കിടക്കാറായി.. മോള് വരുന്നില്ലേ? "മമ്മീ ഞാൻ ഇന്ന് അമ്മാമ്മയുടെ കൂടെയാ കിടക്കുന്നത് എനിക്ക് ഒത്തിരി കഥ കേൾക്കാനുണ്ട്...

"ശരി ആയിക്കോട്ടെ" മമ്മി മിനിമോളുടെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്ത് മമ്മിയുടെ മുറിയിലേക്ക് പോയി...

"എന്നാ മോളെ ബാക്കി നമുക്ക് നാളെ പറയാം.".. അമ്മാമ്മ ലൈറ്റ് ഓഫ് ആക്കി കട്ടിലിൽ വന്നു കിടന്നു..മിനിമോൾ അമ്മാമ്മയെ കെട്ടിപ്പിടിച്ചു കിടന്നു... അവളുടെ കുഞ്ഞു മനസ്സിലൂടെ കാലിത്തൊഴുത്തും പുൽത്തൊട്ടിയിൽ ഉറങ്ങുന്ന സുന്ദരനായ യേശു രാജകുമാരനും ആട്ടിൻകുട്ടികളും ഓടിയെത്തി....കൂടാതെ മാലാഖമാരുടെ സംഗീതം എവിടെനിന്നോ ഒഴുകിവരുന്നതായി അവൾക്ക് അനുഭവപ്പെട്ടു..മിനിമോൾ മെല്ലെ ഉറക്കത്തിലേക്ക് മയങ്ങി വീണു..

പതിവിലും നേരത്തെ മിനിമോൾ എഴുന്നേറ്റു.. റെഡിയായി അമ്മാമ്മയുടെ പിന്നാലെ കൂടി.. അവർ ബാൽക്കണിയിൽ വന്നിരുന്നു.. അമ്മാമ്മ തുടർന്നു... മോളേ..യേശു ജനിച്ചത് പാവപ്പെട്ട വീട്ടിലായിരുന്നു.. അതുകൊണ്ട് എല്ലാവരുടെയും അവസ്ഥ യേശുവിന് നന്നായി അറിയാം.. മോളോട് അമ്മാമ്മ ഒരു ചോദ്യം ചോദിക്കട്ടെ..." ചോദിച്ചോളൂ" ചിരിച്ചുകൊണ്ട് മിനിമോൾ അമ്മാമ്മയുടെ മുഖത്തേക്ക് നോക്കി..യേശു കർത്താവ് എന്തിനാണ് ഈ ഭൂമിയിൽ ജനിച്ചത് എന്ന് മോൾക്കറിയുമോ? "ങ്ഹാ... മനുഷ്യരുടെ പാപങ്ങൾക്ക് വേണ്ടി" എന്നാൽ അമ്മാമ്മേ ഒരു തെറ്റും ചെയ്യാത്ത യേശുവിനെ എന്തിനാണ് യഹൂദന്മാർ ക്രൂശിൽ തറച്ചു കൊന്നത്? അതേ.. മോള് പറഞ്ഞില്ലേ പാപങ്ങൾക്ക് വേണ്ടിയാണ് യേശു മരിച്ചതെന്ന്... പാപം ചെയ്താൽ അതിനു ശിക്ഷ ഇല്ലേ?.. "തീർച്ചയായും ഉണ്ട്.. ഞാൻ എന്തെങ്കിലും കുരുത്തക്കേട് കാണിച്ചാൽ പപ്പയുടെ കയ്യിൽ നിന്ന് നല്ല അടി കിട്ടും".. അറിയാതെ മിനിമോളുടെ കൈ ഉടുപ്പിന്റെ പുറകു വശത്തേക്ക് പോയി.."മോൾ പറഞ്ഞത് വാസ്തവം തന്നെ. അപ്പോൾ ദൈവത്തോട് തെറ്റ് ചെയ്യുമ്പോൾ അഥവാ പാപം ചെയ്യുമ്പോൾ ദൈവം നമ്മെ ശിക്ഷിക്കും..ഇല്ലേ?.ആ ശിക്ഷ നരകമാണ്.

**നമ്മൾ മരിക്കേണ്ട സ്ഥാനത്താണ് യേശു മരിച്ചത്.. അങ്ങനെ മനുഷ്യന്റെ പാപത്തിന് എന്നെന്നേക്കുമായി പരിഹാരമുണ്ടായി**



എന്നാൽ ദൈവം നമ്മെ സ്നേഹിക്കുന്നത് കൊണ്ട് നമ്മെ നരകത്തിൽ തള്ളിയിടാൻ ദൈവത്തിന് ഇഷ്ടമില്ല.. അതുകൊണ്ട് ആ ശിക്ഷ ദൈവം തന്നെ ഏറ്റെടുത്തു.. അതിനായി മനുഷ്യനായി ദൈവം ഈ ഭൂമിയിൽ വന്നു... അതാണ് 2000 വർഷങ്ങൾക്കു മുമ്പ് ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന യേശു.. മിനിമോൾ അമ്മാമ്മയുടെ മുഖത്തുനിന്നും കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു.... "എന്നിട്ട്".. മിനിമോൾക്ക് ആകാംക്ഷയായി... അങ്ങനെ യേശു 33 1/2 വർഷം ഈ ഭൂമിയിൽ ജീവിച്ചു. ഒടുവിൽ കാൽവരിയിലെ മരക്കുരിശ്ശിൽ തന്റെ ജീവനെ അർപ്പിച്ചു.. നമ്മുടെ പാപങ്ങൾക്ക് വേണ്ടിയാണ് യേശു മരിച്ചത്.. നമ്മൾ മരിക്കേണ്ട സ്ഥാനത്താണ് യേശു മരിച്ചത്.. അങ്ങനെ മനുഷ്യന്റെ പാപത്തിന് എന്നെന്നേക്കുമായി പരിഹാരമുണ്ടായി...

"അമ്മാമ്മേ അപ്പോ അത് എങ്ങനെ എനിക്ക് കിട്ടും"? എന്റെ പാപത്തിന് എങ്ങനെ പരിഹാരം കിട്ടും? മിനി മോൾക്ക് ജിജ്ഞാസയായി.."അതെ... മോളെ നമുക്ക് രക്ഷ ലഭിക്കണമെങ്കിൽ, യേശു എൻറെ പാപങ്ങൾക്ക് വേണ്ടിയാണ് മരിച്ചതെന്ന് വിശ്വസിച്ചു യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് ഏറ്റു പറയുക... അപ്പോൾ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ ദൈവത്തിൻറെ മക്കൾ ആക്കി തീർക്കും"..

"അമ്മാമ്മേ എനിക്കും ദൈവമകൾ ആകണം"... മിനി മോളുടെ തീരുമാനം കേട്ട് അമ്മാമ്മയ്ക്ക് അതിയായ സന്തോഷമുണ്ടായി.. അമ്മാമ്മ അവളെ ചേർത്തു പിടിച്ചു.. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി.. സാരി തലപ്പുകൊണ്ട് കണ്ണുകൾ തുടച്ച് അമ്മാമ്മ പറഞ്ഞു... "എങ്കിൽ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം" അവർ ഒരുമിച്ച് പ്രാർത്ഥിച്ചു..

മിനിമോൾക്ക് എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി..." അമ്മാമ്മേ എന്റെ കൂട്ടുകാർക്ക് ഈ രക്ഷയെക്കുറിച്ച് ഒന്നുമറിയില്ല.. ഞാനല്ലേ അവർക്ക് പറഞ്ഞു കൊടുക്കേണ്ടത്"..."അതേ മോളെ.. നമ്മൾ പറഞ്ഞില്ലെങ്കിൽ അവർ ദൈവത്തെ അറിയാതെ നിത്യ നരകത്തിൽ പോകും".. ഇല്ല എൻറെ കൂട്ടുകാരോടും വീടിനടുത്തുള്ളവരോടും എല്ലാവരോടും "പുൽതൊട്ടിയിലെ രാജകുമാരനായ യേശു കർത്താവിനെ കുറിച്ച് ഞാൻ പറയും" ...അവൾ സന്തോഷത്തോടെ ഓടി അപ്പുറത്തേക്ക് പോയി...അമ്മാമ്മ കണ്ണുകൾ ഉയരങ്ങളിലേക്ക് ഉയർത്തി...

കൂട്ടുകാരെ കർത്താവിനെക്കുറിച്ച് നമ്മൾ അറിഞ്ഞ കഥ നമുക്ക് എല്ലാവരോടും പറയാം.. ബേത്ലഹേമിൽ പിറന്ന "പുൽത്തൊട്ടിയിലെ രാജകുമാരനെക്കുറിച്ച്"...

ക്രിസ്തീയ
സോദരി

# ക്രിസ്തുവിൽ ഒന്നാകുക

ഒന്നാകുക എന്നത് ഒരു വലിയ കർത്തവ്യം ആണ്. ഇതു നിരന്തരമായ കഠിനാധ്വാനത്തിന്റെ ഫലം കൊണ്ടു സൃഷ്ടിക്കപ്പെടുന്നതാണ്. അതിനു പരിജ്ഞാനവും, പ്രയത്നവും അനിവാര്യമാണ്. ബാച്ചിലർ ജീവിതശൈലിയിൽ നിന്ന് അഥവാ സ്വതന്ത്ര ജീവിതത്തിൽ നിന്ന് ഒരു കൂട്ട് ജീവിതത്തിലേക്ക് വരുമ്പോൾ പൊരുത്തപ്പെടലെന്നത് വളരെ ബുദ്ധിമുട്ടേറിയതും, പ്രകോപിപ്പിക്കുന്നതും ആയിട്ടുള്ള കാര്യമാണ്. ഇതു ഓരോരുത്തരേയും ലക്ഷ്യസ്ഥാനത്തിലേക്ക് എത്തിക്കുന്ന ഒരു പ്രക്രിയ ആണ്.



ഒന്നാകുക അഥവാ ഏകീകൃതമാകുക എന്നാൽ എന്താണ്? രണ്ടു പേർ ഒരു കാര്യത്തെക്കുറിച്ചു ഒരു സമയം ചിന്തിക്കുമ്പോൾ ആ കാര്യത്തിനാവശ്യമായി ഒരുമിച്ചു ചില തീരുമാനങ്ങൾ എടുക്കേണ്ടി വരുന്നതാണ് ഒന്നാകൽ. ആദിയിൽ ദൈവം ആകാശവും ഭൂമിയും അതോടൊപ്പം വിവാഹവും സൃഷ്ടിച്ചു. ഇതു ദൈവം സ്ഥാപിച്ചതാണെന്നു ഉല്പത്തി പുസ്തകം 2:18 - 25 - ൽ നാം കാണുന്നുണ്ട്. അതുകൊണ്ടു ഇതു ഒരു ത്രികോണ രൂപീകൃത സംഘടന ആണ്. അല്ലെങ്കിൽ പുരുഷനും സ്ത്രീയും ഒന്നാകുന്നത് ക്രിസ്തുവിൽ എന്നും ചിന്തിക്കാം. നിരവധി വാക്യങ്ങൾ നമുക്കു തിരുവചനത്തിൽ ഉടനീളം കാണാം. മത്തായി 19:4 - 6, എഫേസ്യർ: 5:31. വളരെ ബുദ്ധിമുട്ടേറിയ ഈ കാര്യം വിജയകരമാക്കാൻ ക്രിസ്തുവിലേക്ക് അവർ ഒരുമിച്ചു നോക്കിയെങ്കിലെ സാധ്യമാകൂ.

ടെനി
വിനു



**ഒന്നാകൽ എന്നു പറഞ്ഞാൽ എന്തല്ല?**

• രണ്ടു വ്യക്തികൾ ഒരുപോലെ ചിന്തിക്കുന്നതല്ല.

• എല്ലാ കാര്യത്തോടും ഒരു പോലെ യോജിക്കുന്നതല്ല.

• രണ്ടു പേരുടെയും ഇഷ്ടങ്ങൾ ഒരുപോലെ ആകുന്നതും അല്ല.

തികച്ചും വ്യത്യസ്തമായ രണ്ടു ജീവിത ശൈലിയിൽ നിന്നും വരുന്ന രണ്ടു പേരാണ് വിവാഹ ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കുന്നത്. പൊതുവായിട്ടുള്ള ചില സ്വഭാവങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടെന്നുള്ളത് ഒഴിച്ചാൽ എല്ലാ വ്യക്തികളും വ്യത്യസ്തരാണ്. രണ്ടു കാളകളെ ഒരു നുകത്തിനു കീഴിൽ കെട്ടുന്നത് പോലെ. പിന്നെ എങ്ങനെയാണ് വിവാഹ ജീവിതത്തിൽ ക്രിസ്തുവിൽ ഒന്നാകുക.

• നിങ്ങളെ ക്രിസ്തുവിലേക് ആകർഷിച്ചത് എന്താണോ അതു തന്നെ നിങ്ങളുടെ പങ്കാളിയിലും കണ്ടെത്തുക.

• എന്തായിരുന്നു ഈ ആകർഷണത്തിൽ നിങ്ങൾക്കു ക്രിസ്തുവിനോട് ഉണ്ടായ പ്രതികരണം. അതു തന്നെ നിങ്ങളുടെ പങ്കാളിയോടും ചെയ്യുവാൻ നിങ്ങൾ കടപ്പെട്ടവരാണ്. അതായത് നിങ്ങൾ ക്രിസ്തുവിനെ സ്നേഹിച്ചപ്പോൾ നിങ്ങളുടെ ജീവിതം അവനു മുമ്പാകെ സമർപ്പിച്ചതുപോലെ നിങ്ങളുടെ പങ്കാളിയോടും അങ്ങനെ തന്നെ ചെയ്യുവാൻ നിങ്ങൾ കടപ്പെട്ടിരിക്കുന്നു.

• ഇതു ഓരോ ദിവസവും വളർച്ച പ്രാപിക്കേണ്ട പ്രക്രിയ ആണ്. കേവലം ഒരാളുടെ വ്യക്തിത്വത്തെ മറ്റൊരാൾക്കു മുമ്പിൽ അടിയറവു വയ്ക്കുന്നതല്ല. “ഞാൻ” ഇല്ലാതാകുകയും “നാം” വളരുകയും ചെയ്യുന്നതാകണം. ഇതിനു വേണ്ടി നിങ്ങൾക്ക് ഒരു പക്ഷെ മാറി ചിന്തിക്കേണ്ടി വരും ,നിങ്ങളുടെ ഇഷ്ടങ്ങൾക്കു പകരം ദൈവീക ഇഷ്ടത്തിന് പ്രാധാന്യം നൽകേണ്ടി വരും, മറ്റുള്ളവരിൽ നിന്നും പഠിക്കേണ്ടി വരും. ഒന്നാകുക എന്നു പറഞ്ഞാൽ അത് ലൈംഗിക ജീവിതത്തിൽ മാത്രം എന്ന അർഥമില്ല. എല്ലാ കാര്യത്തിലും ഇതു ആവശ്യമാണ്.

ഒരിക്കൽ നയാഗ്ര വെള്ളച്ചാട്ടത്തിനു മുകളിൽ കൂടി ഒരു കയറു വലിച്ചു കെട്ടി അതിൽ കൂടെ മറുകരയെത്തുന്ന സാഹസീക അഭ്യാസം നടത്തിക്കൊണ്ടിരുന്ന ഒരാൾ. തന്റെ പ്രകടനം കണ്ടു ആകാംക്ഷാഭരിതരായി കണ്ടു നിന്നിരുന്നവരുടെ അരികിലേക്ക് അദ്ദേഹം മെല്ലെ ഇറങ്ങി വന്നിട്ടു ചോദിച്ചു. നിങ്ങളിൽ ആരെങ്കിലും ഒരാൾ എന്റെ കൂടെ വരുന്നുവോ? ഭയം എല്ലാവരെയും പിന്നിലേക്ക് തള്ളിയപ്പോൾ കൂട്ടത്തിൽ ഒരു ചെറിയ ബാലൻ ഈ സാഹസത്തിൽ ഏർപ്പെടാൻ തയ്യാറായി. അദ്ദേഹം അവനെ വിളിച്ചു അവന്റെ ചെവിയിൽ എന്തോ പറഞ്ഞു. അതിനു ശേഷം അവർ കയറിന് മുകളിൽ കൂടി നടക്കാൻ ആരംഭിച്ചു. ആകാംക്ഷയോടെ കാത്തു നിൽക്കവേ അവർ രണ്ടു പേരും മറുകരയിൽ എത്തി. ചിലർ ഓടി വന്ന് അവനെ കെട്ടിപ്പിടിച്ച് ചോദിച്ചു. എന്താണ് അദ്ദേഹം നിന്റെ ചെവിയിൽ പറഞ്ഞതു? നിനക്കെങ്ങനെ ഇതു ചെയ്യുവാൻ സാധിച്ചു? അവൻ പറഞ്ഞു എനിക്കൊന്നും അറിയില്ല, അദ്ദേഹം എന്നോട് പറഞ്ഞു എന്റെ ശ്വാസവും നിന്റെ ശ്വാസവും ഒരേ താളത്തിൽ ആയാൽ നമുക്കു ഇതു പൂർത്തിയാക്കാനാകും. ഞാൻ അതു വിശ്വസിച്ചു. അതു പോലെ ചെയ്തു. പ്രിയമുള്ളവരേ ഇതാണ് ഒന്നാകൽ. എന്റെയും നിന്റെയും ശ്വാസം അവനിൽ ഒന്നാകുന്ന അവസ്ഥയാണ് വിവാഹജീവിതം. ക്രിസ്തുവിൽ ഒന്നാകുന്ന വിവാഹജീവിതത്തിനു വളർച്ച പ്രാപിക്കാൻ എന്തു ചെയ്യണം?

• കുടുംബപ്രാർത്ഥന കുറഞ്ഞു വരുന്നു. നമ്മുടെ കുറവുകളെ നികത്തി തരുവാൻ സർവ്വശക്തനായ ദൈവത്തിനു സാധ്യമാണ്. പ്രാർത്ഥിക്കുന്ന കുടുംബം ഒരു മാതൃകയാകണം.

• നല്ല ആശയവിനിമയമാണ് മറ്റൊരു പ്രധാന കാര്യം. സോഷ്യൽ മീഡിയയുടെ അതിപ്രസരം മൂലം നേർക്കു നേരെയുള്ള ആശയ വിനിമയം മൊത്തമായി നില്ക്കുന്ന അവസ്ഥയിലേക്കാണ് ലോകത്തിന്റെ ചുവടുവെപ്പ്. ആശയ വി



നിമയത്തിന് വേണ്ട സന്ദർഭങ്ങളെ ഒരുക്കിയെടുക്കേണ്ടതുണ്ട് ഇന്നത്തെ തിരക്കേറിയ ജീവിത ശൈലിയിൽ. അതിനായി കുടുംബാംഗങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിക്കുക, ഒരുമിച്ചു കളികളിൽ ഏർപ്പെടുക, ഒരുമിച്ചു വ്യായാമങ്ങൾ ചെയ്യുക, വീടിന്റെ ഉത്തരവാദിത്തങ്ങളായ ഭക്ഷണം പാകം ചെയ്യുന്നതു മുതൽ വീട് വൃത്തിയാക്കുന്നതു വരെ ഒരുമിച്ചു ചെയ്യുക. ഭാര്യക്കും ഭർത്താവിനും തുല്യത ഉറപ്പാക്കുക. പരസ്പരം ബഹുമാനിക്കു കയും ഓരോരുത്തർക്കും അവരവർക്ക് വേണ്ട മൂല്യം കൊടുക്കുകയും ചെയ്യുക.

മനഃശാസ്ത്രത്തിൽ ആശയ വിനിമയ അപഗ്രഥനത്തിൽ ആശയവിനിമയം പ്രധാനമായും 3 വിധമുണ്ട്.

- **സമാന്തര സംഭാഷണങ്ങൾ (complimentary transaction)**
- **വിരുദ്ധ സംഭാഷണം (crossed transaction)**
- **നിഗൂഢ സംഭാഷണം (ulterior transaction)**

ഇവയിൽ നമുക്കു ഏറ്റവും അവശ്യമായിട്ടുള്ളത് സമാന്തര സംഭാഷണം ആണ്. തിരുവചനത്തിൽ. മത്തായി 5:37 - ൽ യേശു കർത്താവ് ഇതു തന്നെ പറയുന്നുണ്ട്.

ഇനിയും നിരവധി തലങ്ങൾ ആശയവിനിമയത്തിന് ഉണ്ട് ഇവയെ ഒന്നു പഠിക്കാൻ ശ്രമിക്കുന്നത് വളരെ പ്രയോജനകരമാണ്. ഇതു മൂലം തീർക്കാൻ കഴിയുന്ന കുടുംബപ്രശ്നങ്ങളെ ഉള്ളു.

പുരുഷന്റെയും സ്ത്രീയുടെയും ചില പൊതു സ്വഭാവ വ്യതിയാനങ്ങൾ കൂടി അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

- പുരുഷൻ ബലവാനും സ്ത്രീ പുരുഷനേക്കാൾ ശക്തിയിൽ കുറവുള്ളവളും ആണ്.
- പുരുഷന്മാർ വളരെ കുറച്ചു സംസാരിക്കുന്നവരും സ്ത്രീകൾ വാചാലരും ആണ്.
- ബന്ധങ്ങളെ കാത്തു സൂക്ഷിക്കുന്നതിൽ പുരുഷനേക്കാൾ സ്ത്രീകൾ ആണ് മുമ്പിൽ.
- പുരുഷൻ വികാരങ്ങൾ അടക്കുമ്പോൾ സ്ത്രീകൾ അവ പ്രകടിപ്പിക്കും.
- പുരുഷൻ ഒരു സമയം ഒരു കാര്യം മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ സ്ത്രീകൾ പല കാര്യങ്ങൾ ഒരുമിച്ചു ചെയ്യുവാൻ കഴിയുന്നവരാണ്.

ഇങ്ങനെ നിരവധി വ്യത്യസ്തതകൾ ഉള്ളവരാണ് സ്ത്രീയും പുരുഷനും. ഇതു പോലെ നിരവധി വ്യത്യാസങ്ങൾ ഉണ്ട് ഇതു തിരിച്ചറിഞ്ഞു സ്വീകരിക്കുക യാണെങ്കിൽ ജീവിതവിജയം നേടാൻ സഹായിക്കും.

ഒരു വ്യക്തി എങ്ങനെ ആയിരിക്കുന്നുവോ അങ്ങനെ തന്നെ ആ വ്യക്തിയെ സ്വീകരിക്കുക. ഇതു സാധ്യമാകുക ദൈവഹിതത്തിനു വിട്ടു കൊടുക്കുമ്പോഴാണ്. ഓരോരുത്തർക്കും തക്ക തുണയെ ഒരുക്കി വച്ചിട്ടുണ്ട് സ്വർഗീയ പിതാവ്. ഇതു കണ്ടെത്തു ന്നതിൽ പരാജയപ്പെടാ തിരിക്കാൻ വിവാഹിതരാകാത്ത എന്റെ പ്രിയ സഹോദരി സഹോദരന്മാരെ വരും ദിനത്തിൽ ദൈവം സഹായിക്കട്ടെ.

# വിശ്വസ്തരായ സ്ത്രീരത്നങ്ങൾ



"ഒരു സ്ത്രീയെ മനസ്സിലാക്കണമെങ്കിൽ ആദ്യം അവളുടെ അമ്മ ആരെന്നു ചോദിക്കുക, അമ്മയെ ശ്രദ്ധാപൂർവ്വം കേൾക്കുക". ദ റെഡ് ടെന്റ് എന്ന പുസ്തകത്തിലെ ഒരു ഉദ്ധരണിയാണ് മേലുദ്ധരിച്ചിരിക്കുന്നത്.

സ്ത്രീകളുടെ പ്രാധാന്യത്തെക്കുറിച്ചു വളരെ ചർച്ചകൾ നടക്കുന്ന ഇക്കാലത്തു, ചില സ്ത്രീകളുടെ സമുചിതവും ധൈര്യപൂർവ്വവുമായ ഇടപെടലുകളെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. മറഞ്ഞിരുന്നുകൊണ്ടു ഒരു വലിയ കതകിനെ പിടിച്ചു നിർത്തുന്ന വിജാഗിരി






സ്മിത
സുജോയി

കണക്കെയുള്ള അവരുടെ പ്രവർത്തനങ്ങൾ നാമറിയുമ്പോൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഉത്സാഹവും ഊർജ്ജവും നമുക്കു ലഭിക്കും.

സൗമ്യനാണെങ്കിലും വളരെ ധൈര്യശാലിയും സ്ഥിരോത്സാഹിയുമായിരുന്ന മോശക്ക് ഈ സ്വഭാവ ഗുണങ്ങൾ എങ്ങനെ ലഭിച്ചു എന്നു ചിന്തിക്കുന്നിടത്തു നിന്നാണ് അതിനു പിന്നിൽ പ്രവർത്തിച്ച ചില സ്ത്രീ രത്നങ്ങളെയും അവരുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെയും നാം മനസിലാക്കുക.

രാജകല്പന ധിക്കരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ നന്നായി അറിയുന്നവരായിരുന്നു ശിപ്രയും പൂവ്വയും, അതുകൊണ്ടുതന്നെ അവർ രാജാവിനെക്കാൾ ദൈവത്തെ ഭയപ്പെട്ടു. മോശക്കുഞ്ഞിനെ ജീവനോടെ രക്ഷിക്കുന്നതിലൂടെ ദൈവത്തെ ഭയപ്പെടുന്നവർക്കു മറ്റൊന്നിനെയും ഭയപ്പെടേണ്ട എന്ന സന്ദേശമാണ് അവർ നമുക്കു നൽകുന്നത്.

അവരുടെ ഈ ധൈര്യപൂർവ്വമായ പ്രവർത്തികളായിരിക്കാം പിന്നീട് അടിമത്വത്തിൽ നിന്നും ഒരു ജനതയെ രക്ഷിക്കാൻ മോശെയെ പ്രേരിപ്പിച്ചത്.

ഫറവോന്റെ കയ്യിൽ നിന്നും മോശയെ രക്ഷിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്ന ഒരു അമ്മയെയാണ് (യോഖേബേദ്) നാം അടുത്തതായി കാണുന്നത്. ആദ്യത്തെ മൂന്നു മാസം കുഞ്ഞിന്റെ കരച്ചിൽ പുറത്തു കേൾക്കാതെ ആ'അമ്മ എത്ര മാത്രം കഷ്ടപ്പെട്ടിട്ടുണ്ടാവും. അവനെ രക്ഷിക്കാനും സൂക്ഷിക്കാനും ഇനി തന്നെ കൊണ്ടാവില്ല എന്നു തോന്നിയ അവൾ അവനു വേണ്ടി ഒരു പെട്ടകം വാങ്ങി കുഞ്ഞിനെ അതിൽ കിടത്തി നദിയിലൂടെ ഒഴുക്കി വിടുന്നു. ഒരു ജീവൻ രക്ഷിക്കാൻ അവൻ മുഖാന്തരം എന്തോ ഒരു വലിയ നന്മ ജനത്തിന് ഉണ്ടാകുവാൻ പോകുന്നു എന്ന തിരിച്ചറിവിൽ അവൾ ധൈര്യപൂർവ്വം അതിൽ അവനെ കിടത്തി.

ആ പെട്ടകത്തെ സൂക്ഷിച്ച അവന്റെ സഹോദരിയാണ് മറ്റൊരു സ്ത്രീ രത്നം. ആരുടെയെങ്കിലും അടിമയാകാൻ വിധിക്കപ്പെട്ട ആ പെൺകുട്ടി തന്റെ കുഞ്ഞനുജനെ രക്ഷിക്കുവാൻ എടുത്ത റിസ്ക് വളരെയാണ്. രാജകുമാരിയുടെ കുളിക്കടവിൽ വരെ അവൾ ആ പെട്ടകത്തിന്റെ കാവൽക്കാരിയും അതിനു ശേഷം ധൈര്യപൂർവം അവരുടെ മുമ്പിലേക്ക് ചെല്ലുവാനും അവൾക്കു സാധിച്ചു. രാജകുമാരിയോട് സംസാരിച്ചു അവരുടെ വിശ്വാസം നേടിയെടുക്കാൻ അവൾക്കായി.

ഫറവോന്റെ പുത്രിയാണ് ശ്രദ്ധയാകർഷിക്കുന്ന മറ്റൊരു സ്ത്രീ. സ്വന്തം പിതാവ് ഇല്ലാതെയാക്കാൻ ശ്രമിക്കുന്നവരെ സ്നേഹിക്കുവാൻ അവൾ കാണിച്ച ഹൃദയവിശാലത പ്രശംസനീയമാണ്. പിൽക്കാലത്തു മോശ ഫറവോനെതിരെ നിന്നപ്പോൾ ബാധകളാൽ ദൈവം മിസ്രയീമിനെ സന്ദർശിച്ചപ്പോൾ ആ 'അമ്മ എത്രമാത്രം പഴി കേട്ടിട്ടുണ്ടാവണം.

മോശക്ക് ലഭിച്ച ധൈര്യം, തീരുമാനമെടുക്കാനുള്ള കഴിവ് ഇവയൊക്കെ ഈ സഹോദരിമാരിൽ നിന്നാവും ലഭിച്ചത്. ഏറ്റവും ചെറിയ പ്രായത്തിൽ കുട്ടികൾക്ക് ലഭിക്കുന്ന പരിശീലനമാണ് അവരുടെ വളർച്ചയിൽ അവരെ വഴിതെറ്റാതെ സംരക്ഷിക്കുന്നത്. കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ മോശയുടെ നല്ല സ്വഭാവങ്ങളിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല. മക്കളുടെ സ്വഭാവ രൂപീകരണത്തിൽ അമ്മമാർക്ക് വലിയ പങ്കുണ്ട് പ്രേത്യേകിച്ചും സ്വാർത്ഥത ലേശമില്ലാതെ സമൂഹത്തിന്റെ നന്മക്കു വേണ്ടി പ്രവർത്തിക്കുവാനുള്ള താൽപ്പര്യം ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്.

മതപരമായ ചടങ്ങുകളിൽ നിന്നും സ്ത്രീകളെ വിലക്കിയിരുന്ന ഒരു കാലത്തു മോശയുടെ ഭാര്യ സിപ്പോറ നടത്തിയ സമയോചിതമായ ഇടപെടൽ, പരിച്ഛേദന നടത്തിയതുമൂലം യഹോവയുടെ ദൂതൻ മോശയെ കൊല്ലാതിരുന്നു. പകച്ചു നിൽക്കാതെ പെട്ടന്നെടുത്ത തീരുമാനങ്ങൾ, വിവേകം, സാമർത്ഥ്യം ഇവയൊക്കെ സിപ്പോരയിൽ നിന്നും നമുക്കു ഉൾക്കൊള്ളാവുന്ന മാതൃകയാണ്.

ഈ സ്ത്രീ രത്നങ്ങൾ നമ്മോടു അറിയിക്കുന്ന ചില സന്ദേശങ്ങൾ പ്രതികൂലാവസ്ഥയിലും പകച്ചു നിൽക്കാതെ പ്രവർത്തിക്കുക, ദൈവത്തിൽ വിശ്വസിക്കുക, കരുണ ചെയ്യുക, മറ്റുള്ളവർക്കു നന്മ ചെയ്യുക എന്നിങ്ങനെയാണ്. നാം കണ്ട ഈ സ്ത്രീ രത്നങ്ങൾ ഇല്ലായിരുന്നെങ്കിൽ മോശയുടെ ഭാവി മറ്റൊന്നായേനെ. വളർന്നു വരുന്ന തലമുറയോടൊപ്പം നമുക്ക് നിൽക്കാം. സ്വാർത്ഥതയും സ്വന്തകാര്യവും നോക്കി ജീവിക്കുന്നവരുടെ മദ്ധ്യത്തിൽ സാമൂഹിക പ്രതിബദ്ധത ഉള്ള സഹോദരിമാരെ ആവശ്യമുണ്ട്. മക്കൾക്ക് വേണ്ടി പണവും സൗകര്യങ്ങളും സമ്പാദിക്കുന്ന അമ്മമാരെ അല്ല, ജീവിത മൂല്യങ്ങളും വചനാനുസൃത ജീവിതവും നൽകാൻ ഉത്സാഹിപ്പിക്കുന്ന അമ്മമാരെയാണ് ഇന്നിന്റെ ആവശ്യം. നമുക്ക് വിശ്വസ്തരാകാം, പ്രശസ്തരായില്ലെങ്കിലും. നമ്മുടെ സമയോചിതമായ ഇടപെടലുകൾക്കായി ലോകം കാത്തിരിക്കുന്നു.



Youth Special

ക്രിസ്തീയ സോദരി

# Fruitful in the affliction

We often get notifications in our Google Photos application to look at photos taken several years ago .

As we open those photos, it is so interesting to see either the slimmer or healthier version of ourselves or many other memories down the lane. For instance, if we stroll back to that particular moment and see how far we have come to our present state, we will see many things to be thankful for and many lessons learned along the way . In the same way, as we look into the lives of saints in the Bible, we see how their life journey was . We see Joseph in the pit, and Joseph in the palace . We see Abraham having no son to being the father of many nations . We see David progress from shepherd to being king of Israel. We see Hannah being barren and Hannah being the mother of the prophet. We see Paul the persecutor become Paul the apostle and many more incredible life journeys. As we ponder over the life journeys of these Biblical figures, we see every phase of their lives was a stepping stone to the fulfilment of the purpose of God. Every trial and temptation they faced was intended to accomplish God's plan for them .



LISTEN

Rini Bejoy

## Be fruitful in the land of affliction

Let's look at Joseph's life where his second son was born.

And the name of the second he called Ephraim: "For God has caused me to be fruitful in the land of my affliction" (Genesis 41:52)

Who could better understand the affliction than Joseph? When you see

the above verse in various translations, you will see affliction as "land of my sorrow, land where I've been treated harshly, land ofmy misfortune, land of my trouble, land of my humiliation, land of my suffering". That itself summarizes Joseph's affliction!

A lad of 17 years old, favored by his father but betrayed by his own brothers. Away from his home , he toiled and lived in a foreign land as a slave and prisoner. He was betrayed, forgotten, rejected, humiliated, falsely accused, and so on. But in the midst of all his afflictions, God made him fruitful.

And the blessings of Jacob confirm this.

"Joseph is a fruitful bough, a fruitful bough by a well; His branches run over the wall. The archers havebitterly grieved him, shot at him and hated him. But his bow remained in strength, and the arms of his hands were made strong by the hands of the Mighty God of Jacob" (Genesis 49:22-25)

## How to be fruitful?

### 1. Know God

Whenever Joseph spoke , he spoke of God.

"How then can I do this great wickedness and sin against God?" (Genesis 39:9) And they said to him, "Does not interpretation belong to God?" (Genesis 40:8) So Joseph answered Pharaoh, saying, "It is not in me; God will give Pharaoh an answer of peace" (Genesis 41:16 )

Joseph had known God in a very intimate and experiential way. His knowledge of God helped him to be fruitful and faithful. He was certain that God was who He claimed to be!! Many a time, the reason for our unfruitfulness is that we doubt God's word and His promises.

If we trust that God is good and that what He plans for us is indeed good, then we will be able to be fruitful no matter what our circumstances are.

### 2. Live God - God seen in our life

And his master saw that the Lord was with him and that the Lord made all he did prosper in his hand. (Genesis 39:3) The keeper of the prison did not look into anything that was under Joseph’s authority because the Lord was with him; and whatever he did, the Lord made it prosper. (Genesis 39:23) And Pharaoh said to his servants, "Can we find such a one as this, a man in whom is the Spirit of God?" (Genesis 41:38)

Yes, wherever Joseph was , God was seen in his life. A question to ponder: When others observe us, whom do they see? Is God seen in our lives? Do they see the darkness of the pit or the confinement, loneliness of the prison , or do they see a man in whom is the Spirit of God?

The experience of being in a pit or prison is indeed not a desirable experience. But if God allows it , we need to be submissive to His will. We tend to run away from our troubles. We pray to be delivered from it. Sometimes we pray we might not even enter into it. But if the Lord wills it , we should accept His will and allow God to make us fruitful in the midst of it.

# संकट में परमेश्वर की आवाजः मत डर मैं तेरे साथ हूं

हर मनुष्य के जीवन में उतार चढाव आते है । आज अच्छा तो कल बुरा समय है आज आशा है तो कल निराशा । कई बार जब हम अपने जीवन के कठिन दौर से गुजरते है तो अक्सर हम घबरा जाते है और बहुत सी चिंताएं हमे विचिलत करने लगती है । और ये चिंताएं हम पर इतनी हावी हो जाती है कि हम अपना प्रतिदिन का बाईबल पढ़ना , प्रार्थना करना, और परमेश्वर के साथ समय बिताना कम कर देते है या छोड़ देते है और परमेश्वर की आवाज को नहीं सुन पाते । और एक दिन हम ऐसी स्थिति में पहुंच जाते है जहां हमे हर तरफ दुःख और निराशा ही महसूस होने लगती है सब तरफ केवल दुःख और अशांति ही हमे नजर आती है । जब हम  अपने जीवन में अपनी ताकत पर भरोसा करते है तब ही इस प्रकार की परिस्थितियों में हम फंस जाते है और परमेश्वर की उपस्थिति को अपने साथ महसूस नहीं कर पाते और हमे ऐसा लगता है की परमेश्वर ने संकट में हमे छोड़ दिया है ।

यह शैतान की एक बड़ी चाल है वो हमारे मनो में इस प्रकार की नकारात्मक विचारों को लेकर आता है जिससे ऐसा महसूस होने लता है कि परमेश्वर में हमे छोड़ दिया है।

हमारा परमेश्वर जीवन की हर परिस्थिति में हमारे साथ है और उसका वायदा है कि वह



LISTEN

Kamal
Jeet Kaur

जगत के अंत तक सदैव हमारे साथ है । मरकुस 4:35,36 में चेले प्रभु के साथ नाव में जा रहे थे पर जैसे ही बड़ी आंधी और तूफान को देखा वे घबरा जाते है और चिंता के मारे परमेश्वर से कहते है कि हे गुरु क्या तुझे कुछ चिंता नहीं की हम नाश हुए जाते है ? चेले उस बढ़े आंधी और तूफान में परमेश्वर की उपस्थिति को महसूस नहीं कर पाए और वे भयभीत हो जाते है । उनका सारा ध्यान केवल उस संकट पर था और आंधी और तूफान की बड़ी – बड़ी लहरों ने उन्हें यहां तक डरा दिया था की वे संकट में प्रभु की उपस्थिति को महसूस नहीं कर पाए और उन्हे नाश होने (मृत्यु) का भय उन्हें सताने लगा (मरकुस 4:38) ।

ऐसा ही अनुभव कभी कभी हमारे जीवन में भी आता है हम भी जब जीवन के संकटमय परिस्थिति से होकर गुजरते है जब हर तरफ केवल निराशा ही निराशा और हमे आशा की कोई उम्मीद दिखाई नहीं पड़ती । ऐसे समय में परमेश्वर हमसे कहता है कि मत डर, क्योंकि मैं तेरे संग हूं, इधर उधर मत ताक, क्योंकि मैं तेरा परमेश्वर हूं; मैं तुझे दृढ़ करूंगा और तेरी सहायता करूंगा, अपने धर्ममय दाहिने हाथ से मैं तुझे सम्हाले रहूंगा।। (यशा 41:10) हमारा परमेश्वर संकट में अति सहज से मिलने वाला सहायक है (भजन46:1) वह हर पल हमारी रक्षा करता है उसे हर पल हमारा ध्यान रहता है । जब आप भी ऐसी संकट भरी परिस्थितियों में है आप भी परमेश्वर को पुकारे जिस प्रकार चेलो ने पुकारा । जीवन की कोई भी परिस्थिति क्यों न हो आप इधर – उधर ताकने के बजाय परमेश्वर के समीप जाएं और उसकी उस धीमी आवाज को सुने जो कहता है की मत डर, इधर उधर मत ताक, मैं तेरा परमेश्वर हूं मैं तेरी सहयता करूंगा (यशा 41:10) ।

क्या आप परमेश्वर की धीमी आवाज को संकट के समय में सुन पा रहे है ? क्या उसकी उपस्थिति को आप महसूस कर पा रहे है ? यदि नही तो आप अभी इसी क्षण परमेश्वर के समीप जाएं और उसकी इस धीमी आवाज को सुनने के लिए प्रार्थना करें । परमेश्वर आपको ऐसा ही करने के लिए सहायता करे । आमीन

# Fruitful in the affliction

Joseph knew that whether it was a pit, prison, or palace , God's presence would take him through. His mercy and favor prospered him where he was. He believed so firmly that God could turn out all the events of his life for his ultimate good. His father's favoritism, his brother's hatred, Potiphar's wife's wicked intention, the ungrateful prison mates, nothing could thwart God's good plan for him. When he looked back into his life, he would have realized how beautifully everything fell into its own place. How beautifully God has woven his inspiring life story, which has touched and encouraged millions of lives. All his trials and afflictions were worth it as they yielded the fruit which God desired from him.

If you are a child of God who lives according to His will , then nothing in your life is a surprise to Him.

Every season, every phase, whether pit, prison, or palace, is planned by God for your ultimate good.

Whatever circumstances Joseph was placed in, he trusted God and His word, and everything he did was for the glory of God. He worked as if he worked for God, whether it was at Potiphar's house, the prison, or the palace. None of his circumstances made him doubt the faithfulness of God. He remained fruitful in the midst of affliction. Joseph remained faithful to his God, who remained faithful to His promises!

KRISTHEEYA SODARI

CHRISTIAN BI MONTHLY
NOVEMBER - DECEMBER 2022




Click on the image to watch our new song with the message of Christmas

**സോദരി പ്രോഗ്രാമുകൾ യൂട്യൂബിലും കാണാം.**
**മറക്കാതെ സബ്സ്ക്രൈബ് ചെയ്യുക ..**

## ഗുരുഭാഷ്യം

"എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും.". (യോഹ: 12:26)

"Whoever serves me must follow me; and where I am, my servant also will be. My Father will honor the one who serves me" (John:12:26)



To read, listen, share & download, visit:
www.sodari.in